2025 FEBRUARY
17
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# റബർ കൃഷിയിൽ ത്രിപുര ഒന്നാമത്, കേരളംപ്രതിസന്ധിയിൽ

**കോട്ടയം:** റബർ കൃഷിയിൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ മുന്നേറ്റം തുടരുമ്പോൾ ത്രിപുര വ്യാപനത്തിലും ഉത്പാദനത്തിലും ഒന്നാം സ്ഥാനത്ത്. ഏറ്റവും കൂടുതൽ റബറുള്ള കേരളത്തിൽ ആവർത്തന കൃഷിയിൽ കാര്യമായ പുരോഗതിയില്ല. ഉത്പാദനത്തിൽ നേരിയ കുറവാണുണ്ടായത്. അതേസമയം ത്രിപുരയിൽ മൂന്നിരട്ടിയാണ് കൃഷിവ്യാപനം.

ചെലവിന് ആനുപാതികമായി റബറിന് വില ലഭിക്കാത്തതും വിലയിൽ സ്ഥിരതയില്ലാത്തതുമാണ് കേരളത്തിലെ കർഷകരുടെ പ്രധാന പരിമിതി. കേരളത്തിനു പുറമേ തമിഴ്നാട്ടിലും റബർ കൃഷി പിന്നോട്ടടിക്കുകയാണ്.

2013-14ൽ സംസ്ഥാനത്ത് 5,48,225 ഹെക്ടറിലുണ്ടായിരുന്ന റബർ 2023-24ൽ 5,48,300 ഹെക്ടറിലെത്തി. അതായത്, 75 ഹെക്ടർ മാത്രമാണ് കൃഷി വ്യാപനം. 2012-13ൽ തമിഴ്നാട്ടിൽ 20,890 ഹെക്ടറിലാണ് റബറുണ്ടായിരുന്നത്.



നിലവിൽ റബർ കൃഷി 21,200 ഹെക്ടറിലെത്തി. അതേസമയം, പത്തു വർഷം മുമ്പ് ത്രിപുരയുടെ റബർ കൃഷി ഭൂമി വിസ്തൃതി 71,370 ഹെക്ടറായിരുന്നത് 1,10,500 ഹെക്ടറായി വർധിച്ചു. ആസാമിൽ ഒരു പതിറ്റാണ്ടിനുള്ളിൽ റബർ 47,945 ഹെക്ടറിൽനിന്ന് ഇരട്ടിയോളം അതായത് 79,600 ഹെക്ടറിലേക്ക് വർധിച്ചു.

മേഘാലയയിൽ 13,875 ഹെക്ടറിൽ നിന്ന് 25,300 ഹെക്ടറിലേക്കും നാഗാലാൻഡിൽ 11,985 ഹെക്ടറിൽനിന്ന് 19,500 ഹെക്ടറിലേക്കും മണിപ്പൂരിൽ 3,755 ഹെക്ടറിൽനിന്ന് 6000 ഹെക്ടറിലേക്കും മിസോറമിൽ 3,150 ഹെക്ടറിൽനിന്ന് 7,800 ഹെക്ടറിലേക്കും അരുണാചൽപ്രദേശിൽ 3,540 ഹെക്ടറിൽനിന്ന് 9,300 ഹെക്ടറിലേക്കും കൃഷി വർധനയുണ്ടായി.

ഉത്പാദനത്തോതിലും കേരളം പിന്നോട്ടടിക്കുന്നതായി റബർ ബോർഡ് കണക്കുകൾ വ്യക്തമാക്കുന്നു. പത്തു വർഷത്തിനുള്ളിൽ കേരളത്തിലെ ഉത്പാദനം 6,48,220 ടണ്ണിൽനിന്ന് 6,09,600 ആയി കുറഞ്ഞു. തമിഴ്നാടിന്റെ റബർ ഉത്പാദനം 25,000 ടണ്ണിൽനിന്ന് 23,900 ടണ്ണിലെത്തി. അതേസമയം ത്രിപുരയിലെ ഉത്പാദനത്തിൽ വലിയ കുതിപ്പാണ് ഇക്കാലത്തുണ്ടായിരിക്കുന്നത്.

കഴിഞ്ഞ പതിറ്റാണ്ടിനുള്ളിൽ ത്രിപുരയിലെ ഉത്പാദനം 39, 000 ടണ്ണിൽനിന്ന് 91,500 ടണ്ണിലെത്തി. ആസാമിൽ മൂന്നിരട്ടിയാണ് വർധന. മേഘാലയയിൽ 7550 ടണ്ണിൽനിന്ന് 11,775 ടൺ ആയി.

രാജ്യത്തെ ആകെ സ്വാഭാവിക റബർ ഉത്പാദനം 2013-14ൽ 7,74,000 ടണ്ണിൽനിന്ന് 2023-24 വർഷത്തിൽ 8,57,000 ആയി വർധിച്ചതായാണ് റബർ ബോർഡ് കണക്കുകൾ വ്യക്തമാക്കുന്നത്. അതേസമയം വാർഷിക ഉപയോഗം 16 ലക്ഷം ടണ്ണിലേക്ക് ഉയരുകയാണ്.

# മെട്രോ സ്റ്റേഷനുകളിൽ ബെവ്കോ പ്രീമിയം ഔട്ട്ലറ്റുകൾ വരുന്നു

**കൊച്ചി:** കൊച്ചി മെട്രോ സ്റ്റേഷനുകളിൽ ബെവ്കോയുടെ പ്രീമിയം ഔട്ട്ലറ്റുകൾ തുടങ്ങാൻ തീരുമാനം. വൈറ്റില, വടക്കേക്കോട്ട സ്റ്റേഷനുകളിലാണ് ആദ്യഘട്ടത്തിൽ ഔട്ട്ലറ്റുകൾ തുറക്കുന്നത് എന്നാണു വിവരം.

വരുമാനവർധന ലക്ഷ്യമിട്ടാണു സ്റ്റേഷനുകളിൽ ബെവ്കോ ഔട്ട്ലറ്റുകൾ തുറക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) തീരുമാനിച്ചത്.

ഔട്ട്ലറ്റുകൾ പ്രവർത്തനമാരംഭിക്കുന്നതിനായുള്ള തുടർചർച്ചകൾ നടക്കുകയാണ്. ബെവ്കോ ആവശ്യപ്പെട്ടതനുസരിച്ച് ഈ രണ്ട് സ്റ്റേഷനുകളിൽ കെഎംആർഎൽ സ്ഥലം അനുവദിച്ചതായാണ് റിപ്പോർട്ട്.

# ഭാരതത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ബൈഡൻ ഭരണകൂടം ചിലവിട്ടത് 180 കോടി

**ന്യൂദൽഹി:** ഭാരതത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയ സ്വാധീനിക്കാനും അട്ടിമറിക്കാനും ജോ ബൈഡൻ സർക്കാർ ചിലവിട്ടത് 180 കോടി രൂപ. ബംഗ്ലാദേശിലെ രാഷ്ട്രീയ അട്ടിമറിക്കായി ബൈഡന്റെ ഡീപ്പ് സ്റ്റേറ്റ് ചെലവിട്ടത് 250 കോടി രൂപയെന്നും രേഖകൾ. ഡൊണാൾഡ് ട്രംപ് സർക്കാരിന് കീഴിൽ ഇലോൺ മസ്ക് അധ്യക്ഷനായ യുണൈറ്റഡ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസി(ഡോജ്) ആണ് ഈ കണക്കുകൾ പുറത്തുവിട്ടത്. ഇത്തരം ഫണ്ടുകളെല്ലാം റദ്ദാക്കുന്നതായും മസ്കിന്റെ നേതൃത്വത്തിലുള്ള ഡോജ് വ്യക്തമാക്കി.

നടുക്കുന്ന വെളിപ്പെടുത്തലാണ് ട്രംപ് ഭരണകൂടം നടത്തിയിരിക്കുന്നത്. യുഎസ്എയ്ഡ് വഴിയാണ് പണം ചെലവഴിച്ചിരിക്കുന്നത്. ജോർജ്ജ് സോറസിന്റെ ഓപ്പൺ സൊസൈറ്റി യുഎസ്എയിഡ് ലഭിക്കുന്ന സംഘടനയാണ്. സോറസിന്റെ ഓപ്പൺ സൊസൈറ്റി രാജീവ് ഗാന്ധി ഫൗണ്ടേഷനടക്കം സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

ബൈഡൻ ഭരണകൂടം സോറസ് വഴി കോൺഗ്രസ് പാർട്ടിക്കാണോ പണം നൽകിയത് എന്നതിൽ വിശദമായ അന്വേഷണം നടത്തേണ്ട സാഹചര്യമുണ്ട്. കോൺഗ്രസും രാഹുൽഗാന്ധിയുമായി അടുത്ത ബന്ധമുള്ള സോറസിന്റെ ഇടപെടലുകൾ നമ്മുടെ രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് മേൽ ഉണ്ടായി എന്നതിന്റെ തെളിവുകളാണ് പുറത്തുവന്നിരിക്കുന്നതെന്ന് ബിജെപി ഐടി സെൽ മേധാവി അമിത് മാളവ്യ പറഞ്ഞു. രാജ്യത്തെ തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് മേൽ വിദേശ ഇടപെടൽ ഉണ്ടായതിന്റെ വ്യക്തമായ തെളിവ് ലഭിച്ചതായും ഭരണപക്ഷത്തിനല്ല അതിന്റെ നേട്ടമെന്നെല്ലാവർക്കുമറിയാമെന്നും അമിത് മാളവ്യ പറഞ്ഞു.

# കാരുണ്യ പദ്ധതിക്ക് 300 കോടി കൂടി

**തിരുവനന്തപുരം:** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് (കാസ്പ്) 300 കോടി രൂപ കൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഈ സാമ്പത്തിക വർഷം ഇതുവരെ 978.54 കോടിയാണു നൽകിയത്. ബജറ്റിലെ വകയിരുത്തൽ 679 കോടിയും. രണ്ടാം പിണറായി സർക്കാർ 4267 കോടിയോളം രൂപ കാസ്പിനു ലഭ്യമാക്കി. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ 700 കോടി വകയിരുത്തി.

ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപവരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന കാസ്പിൽ 41.99 ലക്ഷം കുടുംബങ്ങൾക്കാണു സൗജന്യ ചികിത്സ. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കാണു നടത്തിപ്പുചുമതല. 1050 രൂപയാണ് ഒരു കുടുംബത്തിന്റെ വാർഷിക പ്രീമിയം. 18.02 ലക്ഷം കുടുംബങ്ങളുടെ പ്രീമിയം പൂർണമായും സംസ്ഥാനം വഹിക്കുന്നു. 23.97 ലക്ഷം കുടുംബങ്ങളുടെ വാർഷിക പ്രീമിയത്തിൽ 418.80 രൂപ സംസ്ഥാന വിഹിതവും ബാക്കി കേന്ദ്ര വിഹിതവുമാണ്.

197 സർക്കാർ ആശുപത്രികളിലും 4 കേന്ദ്ര സർക്കാർ ആശുപത്രികളിലും 364 സ്വകാര്യ ആശുപത്രികളിലും സേവനം ലഭ്യമാണ്. 25 സ്പെഷാലിറ്റികളിലായി 1667 പാക്കേജുകൾ ഉൾപ്പെടുത്തി. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾ അല്ലാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കുടുംബങ്ങൾക്ക് ഒറ്റത്തവണത്തേക്ക് 2 ലക്ഷത്തിന്റെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമുമുണ്ട്. കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാകുമെന്നും മന്ത്രിയുടെ ഓഫിസ് അറിയിച്ചു.





# അമൃത്, ജലജീവൻമിഷൻ കുടിവെള്ള പദ്ധതികൾ മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കും

**കണ്ണൂർ:** തലശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്താനായി നിയമസഭാ സ്പീക്കർ അഡ്വ. എ എൻ ഷംസീറിന്റെ അധ്യക്ഷതയിൽ വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും സംയുക്തയോഗം ചേംബറിൽ ചേർന്നു.

തലശ്ശേരി നഗരസഭയിൽ അമൃത് പദ്ധതി പ്രകാരമുള്ള കുടിവെള്ള പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും കോടിയേരി ഭാഗം ഉൾപ്പെടുത്തി പുതിയ പദ്ധതി ടെണ്ടർ ചെയ്തതായും യോഗത്തിൽ അറിയിച്ചു. പൈപ്പിട്ട ഭാഗങ്ങളിൽ മാർച്ച് 15നകം പുനഃസ്ഥാപന പ്രവൃത്തി പൂർത്തിയാക്കാനും പൈപ്പിടാനുള്ള ഭാഗങ്ങളിൽ പ്രവൃത്തി സമാന്തരമായി ചെയ്യാനും തീരുമാനിച്ചു

ന്യൂമാഹി പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി പ്രവൃത്തി വൈകുന്ന സാഹചര്യത്തിൽ തൽക്കാലത്തേയ്ക്ക് തലശ്ശേരിയിൽ നിന്ന് വെള്ളമെത്തിക്കാനും വർക്ക് ഷെഡ്യൂൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാനും മാസംതോറും പുരോഗതി വിലയിരുത്താനും തീരുമാനമായി. ചൊക്ലി പഞ്ചായത്തിൽ 79 ശതമാനം പൈപ്പിടലും പ്രധാന റോഡുകളുടെ പുനഃസ്ഥാപനവും പൂർത്തിയാക്കി. പന്ന്യന്നൂർ പഞ്ചായത്തിൽ ഫണ്ട് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കും.

എരഞ്ഞോളി പഞ്ചായത്തിൽ മുഴുവൻ വീടുകൾക്കും പൈപ്പ് കണക്ഷൻ നൽകിക്കഴിഞ്ഞു.

കതിരൂർ പഞ്ചായത്തിൽ അധികമായുള്ള കണക്ഷനുകൾക്ക് പുതിയ വർക്ക് അറേഞ്ച് ചെയ്യും.

തലശ്ശേരി നഗരസഭ, ന്യൂമാഹി, പന്ന്യന്നൂർ എന്നിവിടങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേകമായി കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്താനും തുടർ പുരോഗതി വിലയിരുത്താൻ മാർച്ച് 21ന് വീണ്ടും യോഗം ചേരാനും സ്പീക്കർ നിർദ്ദേശിച്ചു.

വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പർ ബിന്ദു ടിബി., ചീഫ് എഞ്ചിനീയർമാരായ സൈജു പുരുഷോത്തമൻ, സജീവ് രത്നാകരൻ, കണ്ണൂർ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ സുദീപ് കെ. , ന്യൂമാഹി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അർജുൻ പവിത്രൻ, തലശ്ശേരി നഗരസഭ കൗൺസിലർമാരായ ഫിൽഷാദ്, ഷബീർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി ടി. മനോഹരൻ നായർ, അഡീ. പ്രൈവറ്റ് സെക്രട്ടറി അർജ്ജുൻ എസ്. കെ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ആറ്റുകാൽ പൊങ്കാല: ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേർന്നു

**തിരുവനന്തപുരം:** മാർച്ച് 5 മുതൽ 14 വരെ നടക്കുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. പൊങ്കാലയുമായി ബന്ധപ്പെട്ട് അടിയന്തരമായി ചെയ്തു തീർക്കാനുള്ള പ്രവൃത്തികൾ ഫെബ്രുവരി 25നകം തന്നെ പൂർത്തീകരിക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് സബ് കളക്ടർ ആൽഫ്രഡ് ഒ.വി നിർദ്ദേശം നൽകി.

പെട്രോൾ പമ്പ്, ട്രാൻസ്ഫോർമർ എന്നിവയ്ക്ക് സമീപം ഭക്തജനങ്ങൾ പൊങ്കാല ഇടുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമെന്ന് പൊലീസ് അധികൃതർ അറിയിച്ചു.

പൊലീസ്, ഹെൽപ് ലൈൻ നമ്പർ നൽകണമെന്നും എക്സൈസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്നും സബ് കളക്ടർ നിർദ്ദേശിച്ചു. പൊങ്കാല ദിവസത്തിൽ റോഡിന് ഇരു വശങ്ങളിലും പാർക്കിംഗ് കർശനമായി നിരോധിക്കണം. റെയിൽവേ കോമ്പൗണ്ടിനുള്ളിൽ പൊങ്കാല അടുപ്പുകൾ നിരത്തുന്നത് തടയാനും നടപടി വേണമെന്നും ആംബുലൻസ് ഉൾപ്പെടെയുള്ള മെഡിക്കൽ ടീം റെയിൽവേ പരിസരത്ത് ഉണ്ടാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.



പൊങ്കാല ദിവസത്തിൽ കോർപ്പറേഷൻ, ഫയർ ആന്റ് റെസ്ക്യൂ എന്നിവരുടേത് ഉൾപ്പെടെ 11 ആംബുലൻസുകളാണ് സജ്ജീകരിക്കുന്നത്. കുത്തിയോട്ട ദിവസം ശിശുരോഗവിദഗ്ധൻ ഉൾപ്പെടെ 24 മണിക്കൂർ മെഡിക്കൽ ടീം പ്രവർത്തിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. 650 കുട്ടികളാണ് ഈ വർഷം കുത്തിയോട്ടത്തിൽ പങ്കെടുക്കുന്നത്.

ചെറുവക്കൽ, ഈഞ്ചക്കൽ എന്നിവിടങ്ങളിലാണ് പൊങ്കാലയ്ക്ക് ശേഷം കോർപ്പറേഷന്റെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്. മാലിന്യം നിക്ഷേപിക്കുന്ന സ്ഥലത്ത് തീപിടിത്തം ഉണ്ടായാൽ നിയന്ത്രിക്കുന്നതിന് ഒരു ഫയർ ആന്റ് സേഫ്റ്റി യൂണിറ്റ് അത്യാവശ്യമായി ഉണ്ടാകണം.

പൊങ്കാലയ്ക്ക് ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുന്നതിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ 'ഹരിത പൊങ്കാല, പുണ്യ പൊങ്കാല' ക്യാമ്പയിൻ ശക്തമാക്കണം. എക്സൈസ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ എന്നീ വിഭാഗങ്ങൾ പൊങ്കാല ദിനത്തിൽ നടത്തുന്ന സ്പെഷ്യൽ സ്ക്വാഡ് പരിശോധനയുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകണമെന്നും ഉച്ചഭാഷിണിയുടെ ശബ്ദപരിധി നിശ്ചയിച്ച്, ശബ്ദമലിനീകരണം നിയന്ത്രിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണമെന്നും സബ് കളക്ടർ ആവശ്യപ്പെട്ടു.

പൊങ്കാല ദിനത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കോർപ്പറേഷൻ, വാട്ടർ അതോറിറ്റി, തിരുവനന്തപുരം താലൂക്ക് എന്നിവയുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ വാട്ടർ ടാങ്കുകളും വാട്ടർ ടാങ്ക4 ലോറികളും സജ്ജമാക്കും. പൊങ്കാല ദിനത്തിൽ ക്ഷേത്ര പരിസരത്ത് 12 സീറ്റുള്ള രണ്ട് ഇടോയ്ലറ്റ് സംവിധാനം കോർപ്പറേഷൻ ഒരുക്കും.

പൊങ്കാല അർപ്പിക്കാനെത്തുന്ന ഭക്തരുടെ എണ്ണം എല്ലാ വർഷവും കൂടിവരികയാണ്. പൊങ്കാല കഴിഞ്ഞ് മടങ്ങുന്നവർക്ക് റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ എത്തുവാൻ പ്രത്യേക യാത്രാസൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ആർ.ടി.സി അധികൃതർക്ക് എഡിഎം ബീന പി ആനന്ദ് നിർദ്ദേശം നൽകി.

# പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ അത്യാധുനിക ലാബ് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് പ്രവർത്തനം ആരംഭിച്ചതായി സൂപ്രണ്ട് പത്ര കുറിപ്പിലൂടെ അറിയിച്ചു. ഓട്ടോമാറ്റിക് അനലൈസർ, ഹോർമോൺ അനലൈസർ, യൂറിൻ അനലൈസർ തുടങ്ങിയ ആധുനിക ഉപകരണങ്ങളോടുകൂടിയ ലാബിൽ മിതമായ നിരക്കിൽ ലാബ് ടെസ്റ്റുകൾ നടത്താമെന്നും സൂപ്രണ്ട് അറിയിച്ചു. രാവിലെ 7.30 മുതൽ വൈകിട്ട് 5 വരെയാണ് സമയം. പെർമനന്റ് യു.എച്ച്.ഐ.ഡി കാർഡ്കാർക്ക് ലാബ് റിസൾട്ടുകൾ വാട്ട്സാപ്പിലൂടെയും ടെസ്റ്റ് മെസ്സേജായും ലഭ്യമാക്കും.

എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഫിസിയോതെറാപ്പി യൂണിറ്റ്, പെയിൻ മാനേജ്മെന്റ് , ഓർത്തോപീഡിക്ക്,ന്യൂറോളജി, സ്ട്രോക്ക്,പീഡിയാട്രിക്ക് എന്നീ വിഭാഗങ്ങളുടെ റീഹാബിലിറ്റേഷൻ സേവനങ്ങളും ഇവിടെയുണ്ട്.

# അയാക്ട്വാ കോൺ 2025 ദേശീയ സമ്മേളനം ഫെബ്രുവരി 21 മുതൽ 23 വരെ കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയിലെ കാർഡിയാക് അനസ്തേഷ്യ ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ തൊറാസിക് അനസ്തേഷ്യോളജിസ്റ്റ്സ് (അയാക്ട്വാ) ന്റെ 28ാമത് ദേശീയ സമ്മേളനം അയാക്ട്വാകോൺ 2025 ഫെബ്രുവരി 21 മുതൽ 23 വരെ കലൂർ ഐ.എം.എ ഹൗസിൽ നടക്കും.

ഹാർട്ട് ഫെയിലർ ആന്റ് അനസ്തേഷ്യ എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി അയാക്ട്വാ കൊച്ചിൻ ചാപ്റ്ററിന്റെ നേതൃത്വത്തിലാണ് സമ്മേളനം നടക്കുന്നതെന്ന് അയാക്ട്വാകോൺ 2025 ഓർഗനൈസിംഗ് ചെയർമാൻ ഡോ.ജേക്കബ്ബ് എബ്രഹാം, സെക്രട്ടറി ഡോ. ജോയൽ ദേവസ്യാ, ട്രഷറർ ഡോ. സഞ്ജീവ് തമ്പി എന്നിവർ പറഞ്ഞു.

ഫെബ്രുവരി 21, വെള്ളിയാഴ്ച വൈകിട്ട് ആറിന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഹൃദയം, ശ്വാസകോശം മാറ്റിവെയ്ക്കൽ, ഹൃദ്രോഗ ശസ്ത്രക്രിയകൾ, അനസ്തേഷ്യ, തീവ്രപരിചരണം, അനസ്തേഷ്യ മേഖലയിൽ ഉപയോഗിക്കുന്ന അതിനൂതന സാങ്കേതിക വിദ്യകൾ, പ്രയോഗരീതികൾ, ഗവേഷണങ്ങൾ, കണ്ടുപിടുത്തങ്ങൾ ഉൾപ്പെടെയുള്ളവയിൽ ഇന്ത്യയിൽ നിന്നു കൂടാതെ വിദേശരാജ്യങ്ങളിൽ നിന്നുള്ള 20 ലധികം വിദഗ്ദരായ ഡോക്ടർമാരും സമ്മേളനത്തിൽ പ്രഭാഷണം നടത്തും.

രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 600 ഓളം ഡോക്ടർമാർ സമ്മേളനത്തിൽ പ്രതിനിധികളായി എത്തും. സമ്മേളനത്തിന് മുന്നോടിയായി ഫെബ്രുവരി 19, 20 തിയതികളിലായി ഡോക്ടർമാർക്കും മെഡിക്കൽ വിദ്യാർഥികൾക്കുമായി ഹൃദയസംബന്ധമായ വിവിധ വിഷയങ്ങളിൽ ശിൽപ്പശാലകളും നടക്കുമെന്നും സംഘാടക സമിതി ഭാരവാഹികൾ വ്യക്തമാക്കി.

# അട്ടപ്പാടിയിൽ 17, 18 തീയതികളിൽ തൊഴിൽമേള ഇന്നും നാളെയും

**പാലക്കാട്:** കേരള നോളെജ് ഇക്കോണമി മിഷന്റെയും കുടുംബശ്രീ ജില്ലാ മിഷന്റെയും ആഭിമുഖ്യത്തിൽ അട്ടപ്പാടിയിൽ ഫെബ്രുവരി 17, 18 തീയതികളിൽ പ്രത്യേക തൊഴിൽമേള സംഘടിപ്പിക്കും. പട്ടികവർഗ വിഭാഗത്തിൽ പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽമേളയിൽ മുൻഗണനയുണ്ട്. അട്ടപ്പാടി ഏരിയസ് പോളിടെക്നിക് കോളേജിൽ വെച്ച് നടക്കുന്ന തൊഴിൽ മേളയിൽ കേരളത്തിനകത്തും പുറത്തുമായുള്ള 35ഓളം പ്രമുഖ സ്ഥാപനങ്ങളാണ് തൊഴിലവസരങ്ങൾ ഒരുക്കുന്നത്. രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ തൊഴിൽ മേളയിൽ പങ്കെടുക്കാം.

പാലക്കാട് കുടുംബശ്രീ ജില്ലാ മിഷന് കീഴിൽ ഡി.ഡി.യു.ജി. കെ.വൈ പദ്ധതിയുടെയും അട്ടപ്പാടി പട്ടികവർഗ്ഗ സ്പെഷ്യൽ പ്രോജക്ടിന്റെയും ഭാഗമായുംകേരള നോളജ് ഇക്കോണമി മിഷന്റെ ഗോത്ര വർഗ തൊഴിലന്വേഷകർക്കായുള്ള ഒപ്പറ പദ്ധതിയുടെ ഭാഗമായുമാണ് തൊഴിൽമേള സംഘടിപ്പിക്കുന്നത്. ബിടെക്, ഡിഗ്രി, ഡിപ്ലോമ, ഐടിഐ, പ്ലസ് ടു തുടങ്ങിയ വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് മേളയിൽ പങ്കെടുക്കാം. തൊഴിൽ പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അവസരങ്ങൾ ഒരുക്കിയിരിക്കുന്നു.

2,666 ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് അവസരങ്ങളും ഉണ്ടായിരിക്കും. നോളെജ് ഇക്കോണമി മിഷന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ ഡി.ഡബ്ല്യു.എം.എസിൽ തൊഴിൽ അന്വേഷകർക്ക് സ്പോട്ട് രജിസ്ട്രേഷൻ സംവിധാനം ഉണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് 9746132649, 8136828455 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സംസ്ഥാനത്ത് ഡിജിറ്റൽ എൻഡോഴ്സ്മെന്റ് നടപ്പാക്കും: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**കണ്ണൂർ:** ആധാരം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ മുൻ ആധാരം ഉടൻ തിരികെ നൽകുന്നതിനു പുറമെ അനുബന്ധ നടപടികളും വേഗത്തിലാക്കാനുള്ള ഡിജിറ്റൽ എൻഡോഴ്സ്മെന്റ് സംവിധാനം സംസ്ഥാനത്ത് ഈ വർഷം തന്നെ നടപ്പിലാക്കുമെന്ന് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ താലൂക്ക് ഹാളിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കണ്ണൂർ ജില്ലാതല അവലോകന യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കാസർകോട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ റവന്യൂരജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ സംയോജിത പോർട്ടൽ 'എന്റെ ഭൂമി'യുടെ ഫലങ്ങൾ വിലയിരുത്തി സംസ്ഥാനത്താകെ നടപ്പാക്കും. ഇതോടെ ഭൂമിസംബന്ധമായ ഇടപാടുകൾ കൂടുതൽ സുഗമവും സുതാര്യവുമാകും. ഒരാൾ പല ഓഫീസുകൾ കയറിയിറങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാകും.

എല്ലാ പണമിടപാടുകളും ഇപേമെന്റ് സംവിധാനത്തിലേക്ക് മാറ്റി രജിസ്ട്രാർ ഓഫീസുകളെ ക്യാഷ് ലെസ് ഓഫീസുകളാക്കി മാറ്റും. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൗഹൃദസമിതികൾ രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

വിവര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെ ആധുനികവത്കരിക്കാനുള്ള പദ്ധതികളാണ് നടപ്പാക്കി വരുന്നത്. നിലവിൽ നൂറു വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങളോടെ പുനർനിർമ്മിച്ചുവരികയാണ്. സംസ്ഥാനത്തെ മുഴുവൻ രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു. രജിസ്ട്രേഷനുള്ള തിയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കാനുള്ള ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തി.

ആധാര പകർപ്പുകൾ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈനായി ലഭ്യമാക്കി വരുന്നു. ഒരു ജില്ലക്കകത്ത് ആധാരങ്ങൾ ഏത് സബ് രജിസ്ട്രാറാഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമൊരുക്കി. മുദ്രപ്പത്രങ്ങൾക്ക് ഇസ്റ്റാമ്പിങ്ങ് നടപ്പാക്കി.

വിവാഹ രജിസ്ട്രേഷൻ അപേക്ഷ ഓൺലൈനായി സമർപ്പിക്കാൻ അവസരമൊരുക്കി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ കൂടുതൽ സുതാര്യവും സുഗമമായും ലഭ്യമാക്കുക എന്നതാണ് ഈ പരിഷ്കരങ്ങളുടെയെല്ലാം ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിൽ 1865 ലാണ് രാജ്യത്തെ തന്നെ ആദ്യത്തെ രജിസ്റ്റാർ ഓഫീസ് സ്ഥാപിതമായത്. ഇന്ന് സംസ്ഥാനത്ത് 315 സബ്ബ് രജിസ്ട്രാറാഫീസുകൾ പ്രവർത്തിക്കുന്നു. സർക്കാരിന്റെ വരുമാന സ്രോതസുകളിൽ രണ്ടാമത്തേതാണ് രജിസ്ട്രേഷൻ വകുപ്പ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ ഉൾപ്പെടെയുള്ളവരുടെ പൂർണ സഹകരണം ഉറപ്പാക്കി എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ട് ആധുനികവത്കരണ നടപടികൾ വേഗത്തിലാക്കാനാണ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

താലൂക്ക് ഹാളിൽ ചേർന്ന ജില്ലാതല അവലോകന യോഗത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. രജിസ്ട്രേഷൻ ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും വിപുലമായ പ്രവർത്തന മേഖല ഉയർത്തുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്തു. ആധാരം രജിസ്ട്രേഷൻ, വരുമാനം, നേട്ടങ്ങളും പ്രശ്നങ്ങളും, ഓഫീസുകൾ മെച്ചപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ, വിവിധ സ്കീമുകൾ എന്നിവ സംബന്ധിച്ചും അവലോകനം നടത്തി.

രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ സതീഷ് ഓവ്വാട്ട്, ജില്ലാ രജിസ്ട്രാർ ജനറൽ എ.ബി സത്യൻ, ജില്ലാ രജിസ്ട്രാർ ഓഡിറ്റ് രാജേഷ് ഗോപൻ, ചിട്ടി ഓഡിറ്റർ സി.കെ റീത്ത, ചിട്ടി ഇൻസ്പെക്ടർ വി സന്തോഷ് കുമാർ, ജില്ലയിലെ സബ്ബ് രജിസ്ട്രാർമാർ എന്നിവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

# 30 കോടി ധനസഹായം നൽകി സംസ്ഥാനത്ത് 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കും: പി. പ്രസാദ്

**തിരുവനന്തപുരം:** 30 കോടിയിലധികം രൂപ ധനസഹായം നൽകിക്കൊണ്ട് സംസ്ഥാനത്തുടനീളം 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്. കൃഷി വകുപ്പും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും സംയുക്തമായി നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ജില്ലയിലെ ആദ്യത്തെ സംരംഭം വട്ടിയൂർക്കാവ് മണികണ്ഠേശ്വരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾക്കും യുവാക്കൾക്കും ഉൾപ്പെടെ മികച്ച വരുമാന മാർഗമായി സ്വീകരിക്കാവുന്ന മേഖലയാണ് കൂൺ കൃഷി. പ്രോട്ടീൻ കലവറയായ കൂൺ ഭക്ഷണക്രമത്തിന്റെ ഭാഗമാക്കുന്നത് ജീവിത ശൈലി രോഗങ്ങളോടൊപ്പം ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്കെതിരെ പ്രതിരോധം തീർക്കാൻ സഹായിക്കും. അതിനാലാണ് കൂണിന്റെ ലഭ്യത സംസ്ഥാനത്തുടനീളം ഉറപ്പാക്കുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി കൂൺ ഗ്രാമം എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഡോക്ടർമാരും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൂൺ കർഷകരും അടങ്ങുന്ന ഒരു സംഘം ഈ വർഷം തന്നെ ഹിമാചൽ പ്രദേശ് സോളനിലെ ഡയറക്ടറേറ്റ് ഓഫ് മഷ്റൂം റിസർച്ചിൽ ഒരു പരിശീലന പരിപാടിക്കായി സജ്ജമാകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾക്ക് പുറമേ രണ്ട് വൻകിട കൂൺ ഉൽപ്പാദന യൂണിറ്റ്, ഒരു കൂൺ വിത്തുത്പാദന യൂണിറ്റ്, മൂന്ന് കൂൺ സംസ്കരണ യൂണിറ്റ്, രണ്ട് പാക്ക് ഹൗസ്, 10 കമ്പോസ്റ്റിംഗ് യൂണിറ്റ് എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം. അരുന്ധതി എന്ന കർഷകയാണ് ഫാം വേഗൻ മഷ്റൂം എന്ന പേരിൽ കൂൺ ഉല്പാദന യൂണിറ്റിന് മണികണ്ഠേശ്വരത്ത് തുടക്കം കുറിച്ചത്. നിലവിൽ കൂൺ ഉൽപ്പാദനത്തോടൊപ്പം കൂൺ വിത്തുൽപ്പാദന യൂണിറ്റും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട്. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഉല്പാദന യൂണിറ്റിന്റെ ലോഗോ പ്രകാശനം മന്ത്രിയും എംഎൽഎയും ചേർന്ന് നിർവ്വഹിച്ചു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ ലത.ആർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഡയറക്ടർ തോമസ് സാമുവൽ, കൃഷി ഓഫീസർ ഡോ. തുഷാര റ്റി ചന്ദ്രൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ദീപ വി. അസിസ്റ്റന്റ് ഡയറക്ടർ കെ. ചാരുമിത്രൻ, കാർഷിക വികസന സമിതി അംഗങ്ങൾ, കർഷകർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ബാലനീതി നിയമം: പരിശീലനം നൽകി

**കണ്ണൂർ:** സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് കണ്ണൂരിന്റെ നേതൃത്വത്തിൽ ജില്ലയിലെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർക്കായി ദ്വിദിന പരിശീലനം നൽകി. ബാലനീതി നിയമം, കാവൽ പദ്ധതി വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു പരിശീലനം. കണ്ണൂർ സിറ്റി ക്രൈം ബ്രാഞ്ച് അസി. കമ്മീഷണർ ഓഫ് പോലീസ് ജോഷി ജോസ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ സി ദിവ്യ അധ്യക്ഷത വഹിച്ചു. കാവൽ പദ്ധതിയുടെ സ്റ്റേറ്റ് കോ ഓർഡിനേറ്റർ എസ് അനിൽ, തലശ്ശേരി ജില്ലാ കോടതി അഡ്വ. പി.പി പ്രനിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കുട്ടികളിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ, അവ ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ട രീതി, കുട്ടികൾക്കു വേണ്ടിയുള്ള മറ്റ് സേവനങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ചകൾ നടന്നു.

## സൗജന്യ പി.എസ്.സി പരിശീലനം

**കണ്ണൂർ:**പി.എസ്.സി പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി കണ്ണൂർ യൂനിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ 180 മണിക്കൂർ സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫെബ്രുവരി നാലാം വാരത്തിൽ ആരംഭിക്കുന്ന പരിശീലനത്തിന് ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ യൂനിവേഴ്സിറ്റിയുടെ താവക്കരയിലെ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ഫെബ്രുവരി 18നകം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 04972703130.

## മിനി ജോബ് ഫെയർ 19 ന്

**കണ്ണൂർ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിലേക്ക് ഫെബ്രുവരി 19ന് രാവിലെ പത്ത് മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ അഭിമുഖം നടത്തുന്നു. സോഷ്യൽ സയൻസ്, ഇംഗ്ലീഷ്, മാത്സ്, സയൻസ്, കമ്പ്യൂട്ടർ വിഷയങ്ങളിൽ അധ്യാപകർ, റിസപ്ഷനിസ്റ്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, വോളിബോൾ കോച്ച്, ഫുട്ബോൾ കോച്ച്, കസ്റ്റമർ സർവീസ് അസോസിയേറ്റ്, ഡൊമസ്റ്റിക് വോയിസ് (മലയാളം) എന്നീ തസ്തികകളിലേക്കാണ് അഭിമുഖം.

ഡിഗ്രി, ബി.എഡ് (സോഷ്യൽ സയൻസ്, മാത്സ്, ഇംഗ്ലീഷ്, സയൻസ്, കമ്പ്യൂട്ടർ), കമ്പ്യൂട്ടർ പ്രാക്ടിക്കൽ പരിജ്ഞാനം എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികൾക്ക് തിരിച്ചറിയൽ കാർഡിന്റെ പകർപ്പും 250 രൂപയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂവിനു പങ്കെടുക്കാം. നിലവിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികൾക്കും രജിസ്ട്രേഷൻ സ്ലിപ് കൊണ്ടുവന്ന് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ: 0497 2707610, 6282942066.

## അപ്രന്റീസ് നഴ്സ്, പാരാ മെഡിക്കൽ അപ്രന്റീസ് ഒഴിവ്

**തൃശ്ശൂർ:** ജില്ലയിലെ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഒഴിവുള്ള 46 അപ്രന്റീസ് നഴ്സ്, ഒരു പാരാമെഡിക്കൽ അപ്രന്റീസ് എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബി.എസ്.സി. നഴ്സിങ് / ജനറൽ നഴ്സിങ് പാസ്സായ ഉദ്യോഗാർത്ഥികൾക്കാണ് അപ്രന്റീസ് നഴ്സ് തസ്തികയിലേക്ക് അപേക്ഷിക്കാവുന്നത്. ബി.എസ്.സി. നഴ്സിങ് യോഗ്യതയുള്ള മുഴുവൻ ഉദ്യോഗാർത്ഥികളെയും പരിഗണിച്ച ശേഷമേ ജനറൽ നഴ്സിങ് യോഗ്യതയുള്ളവരെ പരിഗണക്കുകയുള്ളൂ. പാരാമെഡിക്കൽ അപ്രന്റീസ് തസ്തികയിലേക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ അംഗീകരിച്ച മെഡിക്കൽ കോഴ്സ് പാസ്സായിരിക്കണം. 21 നും 35 നും ഇടയിൽ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. രണ്ട് വർഷമാണ് പരിശീലന കാലാവധി. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർ, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ 680 003 എന്ന വിലാസത്തിൽ ഫെബ്രുവരി 25 ന് വൈകീട്ട് അഞ്ചിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 0487 2360381.

**തൃശ്ശൂർ:** തോളൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന പുഴക്കൽ ബോക്ക് പഞ്ചായത്ത് ഡയാലിസിസ് പേഷ്യൻസ് വെൽഫയർ സൊസൈറ്റിയുടെ സൗജന്യ ഡയാലിസിസ് കേന്ദ്രത്തിലേക്ക് കരാർ വ്യവസ്ഥയിൽ ഡയാലിസിസ് ടെക്നിഷ്യൻ(2), ഡയാലിസിസ് നഴ്സ് (1) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നു. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിച്ച, കുറഞ്ഞത് രണ്ട് വർഷം പ്രവൃത്തിപരിചയമുള്ള കേരള മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ ഫെബ്രുവരി 20 ന് വൈകീട്ട് അഞ്ചിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ നേരിട്ടോ, യുവരവേീഹൗ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ സമർപ്പിക്കണം. ഫോൺ: 9995132333



**കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഫെബ്രുവരി 18 ന് നടത്തുന്ന പാർലമെന്റ് മാർച്ചിന് മുന്നോടിയായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റി നടത്തിയ സമര പ്രഖ്യാപന കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്യുന്നു,സാജു ചാക്കോ, ജയാ പീറ്റർ, എം.സി പോൾസൺ, എ.ജെ റിയാസ്, പി.സി ജേക്കബ്ബ്, സി.എസ് അജ്മൽ,പി.എ.കബീർ, ജിമ്മി ചക്കിയത്ത്, ജോസ് വർഗീസ് തുടങ്ങിയവർ മുൻനിരയിൽ**

# വ്യാപാരികളുടെ പാർലമെന്റ് മാർച്ച് 18 ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഈമാസം 18-ന് പാർലമെന്റ് മാർച്ച് നടത്തുന്നു. ഓൺലൈൻ വ്യാപാരത്തിന് സെസ് ഏർപ്പെടുത്തുക, ചെറുകിട വ്യാപാര മേഖലയുടെ നിലനിൽപ്പിന് ആവശ്യമായ നിയമനിർമ്മാണം നടത്തുക, വർദ്ധിപ്പിച്ച തൊഴിൽ നികുതി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കന്നതിനാണ് പാർലമെന്റ് മാർച്ച്. എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബിന്റെ അധ്യക്ഷതയിൽ കൂടിയ സമരപ്രഖ്യാപന കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്തു.

ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ്, ട്രഷറർ സി.എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്കിയത്ത്, വൈസ് പ്രസിഡന്റ്മാരായ എം. സി പോൾസൺ, ജോസ് വർഗീസ്, സാജു ചാക്കോ, സോണി ആന്റണി,യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, തുടങ്ങിയവർ സംസാരിച്ചു.



**പ്രമുഖ വ്യവസായി എ.മുഹമ്മദ് കുഞ്ഞിനെ ജന്മനാടായ മണ്ണഞ്ചേരിയിൽ നടത്തിയ ആദരിക്കൽ ചടങ്ങിൽ ഉദ്ഘാടകനായ മുൻ ധനകാര്യ മന്ത്രിയും സി.പി.എം. കേന്ദ്ര കമ്മിറ്റി അംഗവുമായ ഡോ. ടി.എം.തോമസ് ഐസക്ക്, പി.പി.ചിത്തരഞ്ചൻ എം.എൽ.എ എന്നിവർ ചേർന്ന് ഉപഹാരം സമ്മാനിക്കുന്നു.**

# പ്രമുഖ വ്യവസായി എ.മുഹമ്മദ് കുഞ്ഞിനെ ജന്മനാട് ആദരിച്ചു

**ആലപ്പുഴ:** പ്രമുഖ വ്യവസായിയും മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ എ.മുഹമ്മദ് കുഞ്ഞിനെ ജന്മനാട് ആദരിച്ചു. മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്സ്കുൾ ഓഡിറ്റോറിയത്തിൽ സംഘാടക സമിതി ചെയർമാൻ സിറാജ് കമ്പിയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആദരിക്കൽ ചടങ്ങ് മുൻ ധനകാര്യ മന്ത്രിയും സി.പി.എം. കേന്ദ്ര കമ്മിറ്റി അംഗവുമായ ഡോ. ടി.എം.തോമസ് ഐസക്ക് ഉദ്ഘാടനം ചെയ്തു. പി.പി.ചിത്തരഞ്ചൻ എം.എൽ.എ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. കെ.സി.വേണുഗോലാൽ എം.പിയുടെ ആശംസ ചടങ്ങിൽ വായിച്ചു.

ജന്മനാട്ടിൽ നിന്നും സ്വായത്തമാക്കിയ അറിവാണ് വിദേശത്തും സ്വദേശത്തും മികച്ച ജോലിക്കാരനും, മികച്ച സംരംഭകനും ആകുവാൻ സാധിച്ചതെന്നും, നാട് നൽകിയ സ്നേഹം പതിൻമടങ്ങായി നാടിന് തിരികെ നൽകുക എന്നത് എല്ലാവരുടെയും കടമയും ഉത്തരവാദിത്വവുമാണെന്ന് സഫലം സാദരം 2025 എന്ന പേരിൽ സംഘടിപ്പിച്ച ആദരിക്കൽ ചടങ്ങിൽ മുഹമ്മദ് കുഞ്ഞ് പറഞ്ഞു.

കൊല്ലം ടി.കെ.എം.എഞ്ചിനിയറിംഗ് കോളേജിൽ നിന്നും കെമിക്കൽ എഞ്ചിനിയറിംഗിൽ പഠനം പൂർത്തിയാക്കി സൗദി അറേബ്യയിലെ ബഹുരാഷ്ട്ര കമ്പനിയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച മുഹമ്മദ് കുഞ്ഞ് നാട്ടിൽ തിരച്ചെത്തി ഭക്ഷ്യ സംസ്കരണ മേഖലയിലുടെയാണ് വ്യവസായ രംഗത്ത് പ്രവേശിച്ചത്. 2013 ൽ കോൺഫഡറേഷൻ ഓഫ് ഇഡ്യൻ ഇൻഡസ്ട്രിയുടെ മികച്ച വ്യവസായിക്കുള്ള അവാർഡ് കരസ്ഥമാക്കി. 2015ൽ സംസ്ഥാന സർക്കാരിന്റെ മികച്ച സംരംഭകനുള്ള അവാർഡും, 2018ൽ മികച്ച കമ്പനിക്കുള്ള അവാർഡും, 2021 ൽ സംസ്ഥാന സർക്കാരിന്റെ മെട്രോ ഫുഡ് ബ്രാൻഡിനുള്ള അവാർഡും കരസ്ഥമാക്കി. ജീവകാരുണ്യ പ്രവർത്തന മേഖലയിൽ സജീവമായ മുഹമ്മദ് കുഞ്ഞ് 2014 മുതൽ നിർദ്ദനരായ കുട്ടികളുടെ വിദ്യഭ്യാസത്തിനായി ഹോപ്പ് ഇന്ത്യ എന്ന സന്നദ്ധ ആരംഭിച്ചു. ഹോപ്പിന്റെ ആഭിമുഖ്യത്തിൽ നൂറിൽ പരം നിർദ്ദനർക്ക് ഭവനവും നിർമ്മിച്ചു നൽകി. ചടങ്ങിൽ സംഘാടക സമിതി ജനറൽ കൺവീനർ എം.എസ് ജോഷി കാവുങ്കൽ, ട്രഷറർ ആർ.വേണുഗോപാൽ ചിരട്ടക്കാട്ടു പുത്തൻ മഠം, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.ആർ.റിയാസ്, മണ്ണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.വി. അജിത്ത് കുമാർ, കെ.ഇ. കാർമ്മൽ സ്കൂൾ പ്രിൻസിപ്പാൾ ഫാ.ഡോ.സാംജി വലടക്കേടം, എസ്.എൻ.ഡി.പി. അമ്പലപ്പുഴ താലൂക്ക് യൂണിയൻ ജനറൽ സെക്രട്ടറി കെ.എൻ.പ്രേമാനന്ദൻ, ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യ പ്രസിഡന്റ് എ.എം.നസീർ, കെ.പി.എം.എസ് ആലപ്പുഴ യൂണിയൻ പ്രസിഡന്റ് എസ്.ബാബു, എ.കെ.ഡി.എസ് അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി പ്രസിഡന്റ് കെ.പ്രദീപ്, എൻ.എസ്.എസ് കരയോഗം 1613 പ്രസിഡന്റ് വി.എൻ.ശശിധരൻ നായർ, ബ്ലോക്ക് പഞ്ചായത്ത് അംഗം പി.എ.സബീന, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ നവാസ് നൈന, എസ്.ദീപു, ആരോഗ്യവകുപ്പ് റിട്ട.അസി.ഡയറക്ടർ ഡോ.കെ.എം.സിറാബുദ്ദീൻ, രാജീവ് ഗാന്ധി ഫൗണ്ടേഷൻ പ്രസിഡന്റ് കെ.വി.മേഘനാദൻ, മണ്ണഞ്ചേരി എച്ച്.എസ് ഹെഡ്മിസ്ട്രസ് കെ.ഹഫ്സ തുടങ്ങിയവർ പ്രസംഗിച്ചു.

# എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന പദ്ധതികളുമായി ജില്ലാ പഞ്ചായത്ത്

**കൊച്ചി:** സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന പദ്ധതികളുമായി എറണാകുളം ജില്ലാ പഞ്ചായത്ത് 202526 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വികസന സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ നടന്ന പരിപാടി ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു.

എല്ലാവരെയും ഉൾക്കൊള്ളുമ്പോഴാണ് വികസനം അതിന്റെ പൂർണതയിൽ എത്തുകയുള്ളൂ എന്ന് ഉദ്ഘാടന ചടങ്ങിൽ എം.പി പറഞ്ഞു. സിന്തറ്റിക് ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്നതായും അതിനെ ചെറുക്കാൻ കഴിയുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയ്ക്കൊപ്പം ദുർബല വിഭാഗങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നലിംഗക്കാർ, ഭിന്നശേഷിക്കാർ വയോജനങ്ങൾ എന്നിവരുടെ ക്ഷേമപുറപ്പാക്കുന്ന പദ്ധതികൾക്കും ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ തുല്യ പ്രാധാന്യം ഉണ്ടാകും.

സാമ്പത്തിക മാന്ദ്യത്തിൽ നിന്നും സാമൂഹ്യ പിന്നോക്കാവസ്ഥയിൽ നിന്നും ജനങ്ങളെ കൈപിടിച്ചുയർത്തുന്ന പദ്ധതികളും ഈ സമ്പത്തിക വർഷം നടപ്പിലാക്കും. ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്ന സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, ആശുപത്രികളുടെ വികസനം, കാർഷിക ക്ഷീര മത്സ്യബന്ധന മേഖലകളുടെ സമഗ്ര വികസനം, റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കൽ, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ 27 ഡിവിഷനുകളിലും വയോജനപാർക്കുകൾ ഒരുക്കും, 27 ഇടങ്ങളിൽ വനിത ഫിറ്റ്നസ് സെന്ററുകളും ക്രമീകരിക്കും. ആലുവയിലെ മൃഗസംരക്ഷണ വകുപ്പിന്റെ ആറേക്കർ സ്ഥലത്ത് വിപുലമായ രീതിയിൽ എ.ബി.സി സെന്റർ സജ്ജീകരിക്കാനുള്ള പദ്ധതിയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്, സ്ഥിരം സമിതി അധ്യക്ഷരായ സനിത റഹീം, എം,ജെ ജോമി, കെ.ജി ഡോണോ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഉല്ലാസ് തോമസ്, ഷൈനി ജോർജ്, എ.എസ് അനിൽകുമാർ, കെ.വി രവീന്ദ്രൻ, ലിസി അലക്സ്, ഷൈമി വർഗീസ്, അനിമോൾ ബേബി, കെ.കെ ദാനി, ദീപു കുഞ്ഞുകുട്ടി, ഷാരോൺ പനക്കൽ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ കെ.കെ അബ്ദുൽ റഷീദ്, അസൂത്രണ സമിതി അംഗം കബീർ.ബി.ഹാറൂൺ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എം ഷെഫീഖ്, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ഷെർലി സക്കറിയാസ്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത പദവിലേക്ക്

**തിരുവനന്തപുരം:** ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുന്നു. ഇതിനു മുന്നോടിയായി സംസ്ഥാന ലൈബ്രറി കൗൺസിലിനു കീഴിലുള്ള താലൂക്ക്ജില്ലസംസ്ഥാന തലങ്ങളിലെ ഗ്രന്ഥശാല പ്രതിനിധികളെ പങ്കെടുപ്പിച്ച് തൃശൂർ മുളങ്കുന്നത്തുകാവിലെ കില ആസ്ഥാനത്ത് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർമാർ, ശുചിത്വ മിഷൻ ജില്ല അസിസ്റ്റന്റ് കോർഡിനേറ്റർമാർ തുടങ്ങിയവർ ഉൾപ്പെടെ 110 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാല സംഘവും കിലയും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാല ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറി വി. കെ. മധു ഉദ്ഘാടനം ചെയ്തു.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ ഗ്രന്ഥശാലകൾക്ക് സുപ്രധാന പങ്കുവഹിക്കാനാകുമെന്നും വിജ്ഞാനകേന്ദ്രങ്ങളെന്ന പോലെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ മാറണമെന്നും വി. കെ. മധു പറഞ്ഞു. നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി. പി. സുധാകരൻ ചടങ്ങിൽ അധ്യക്ഷനായി. വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഹരിതകേരളം മിഷൻ പ്രോജക്ട് ഓഫീസർമാരായ പി. അജയകുമാർ, വി. രാജേന്ദ്രൻ നായർ, യംഗ് പ്രൊഫഷണൽ സൂര്യ എസ്. ബി. എന്നിവർ ശിൽപശാല സെഷനുകളിൽ അവതരണങ്ങൾ നടത്തി.

ഹരിത ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലയ്ക്കടുത്തുള്ള പൊതു ഇടങ്ങളുടെ സൗന്ദര്യവൽക്കരണം, ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ ഹരിത മാതൃകയാക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കുന്ന ഗ്രന്ഥശാലകളെ ഹരിതകേരളം മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിലയിരുത്തി ഹരിത ഗ്രന്ഥശാല സാക്ഷ്യപത്രം നൽകും. ഇതിന്റെ ഭാഗമായി ഫെബ്രുവരി മൂന്നാം വാരത്തിൽ ജില്ലാതല പരിശീലനവും മാർച്ച് മാസം താലൂക്ക്ഗ്രന്ഥശാല ശിൽപശാലയും സംഘടിപ്പിക്കും. ഗ്രന്ഥശാലകൾ സംഘടിപ്പിക്കുന്ന ക്ലാസുകൾക്ക് പുറമേ വീട്ടുമുറ്റ ക്ലാസുകളും നടത്തും.



# കൊച്ചി നഗരസഭയുടെ പുതിയ സ്ഥിരം സമിതി അദ്ധ്യക്ഷന്മാർ ചുമതലയേറ്റു

**കൊച്ചി:** കൊച്ചി നഗരസഭയുടെ വികസനകാര്യ സ്ഥിരം സമിതിയുടെയും, ക്ഷേമകാര്യ സ്ഥിരം സമിതിയുടെയും പുതിയ അദ്ധ്യക്ഷന്മാരായി സി.എ. ഷക്കീർ, സി.ഡി. വത്സലകുമാരി എന്നിവർ ചുമതലയേറ്റെടുത്തു.കഴിഞ്ഞ ദിവസം നടന്ന തെരഞ്ഞെടുപ്പിൽ ഒൻപതിൽ അഞ്ച് വോട്ട് നേടി സി.എ. ഷക്കീറും, ഏഴിൽ അഞ്ച് വോട്ട് നേടി സി.ഡി.വത്സലകുമാരിയും വിജയിച്ചിരുന്നു. അദ്ധ്യക്ഷ സ്ഥാനങ്ങളിൽ നിന്ന് രാജി വെച്ച പി.ആർ.റെനിഷ്, ഷീബ ലാൽ എന്നിവരുടെ ഒഴിവിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്.നഗരസഭയുടെ 72ാം ഡിവിഷൻ കൗൺസിലറായ സി.എ. ഷക്കീർ, 2010–15 കാലയളവിലും കൗൺസിൽ അംഗമായിരുന്നു. 42ാം ഡിവിഷനെ പ്രതിനിധീകരിക്കുന്ന സി.ഡി. വത്സലകുമാരിയും, 2010–15 കാലയളവ് മുതൽ ജനപ്രതിനിധിയായിരുന്നു.മേയറുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി മേയർ കെ.എ. അൻസിയ, നഗരസഭ കൗൺസിലർ ബെനഡിക്ട് ഫെർണാണ്ടസ് തുടങ്ങിയവരും സന്നിഹിതനായിരുന്നു.

# കുസാറ്റിൽ കമ്പ്യൂട്ടേഷണൽ ബയോളജി & ബയോഇൻഫോർമാറ്റിക്സ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് (ചഌഅ അഒ) ഉആബയോഇൻഫോർമാറ്റിക്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ കമ്പ്യൂട്ടേഷണൽ ബയോളജി & ബയോഇൻഫോർമാറ്റിക്സ് ഹാൻഡ്സ്ഓൺ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.
ജീവശാസ്ത്ര പശ്ചാത്തലമുള്ള ഹയർ സെക്കന്ററി, ബിരുദം (യുജി) വിഭാഗത്തിലുള്ളവർക്ക് 7 ദിവസത്തേയും, പിജി/പിഎച്ച്ഡി (പിജി /പിഎച്ച്ഡി) വിഭാഗത്തിലുള്ളവർക്ക് 14 ദിവസത്തേയും, പോസ്റ്റ്ഡോക്ടറൽ ഫെലോഷിപ്പ് (പിഡിഎഫ്)/അധ്യാപകർ എന്നുവർക്ക് 21 ദിവസത്തേയും പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. പരിശീലനം 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടക്കും. ഒരോ വിഭാഗത്തിൽ നിന്നും യോഗ്യരായ ആദ്യ 15 അപേക്ഷകർക്കാണ് പ്രവേശനം ഉണ്ടായിരിക്കുക.
കഴിഞ്ഞ വർഷം ഓൺലൈൻ പരിശീലനം പൂർത്തിയാക്കിയവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഓൺലൈനായി https://forms.gle/Dn8eVkhnso2gT8ZF8 എന്ന ലിങ്ക് വഴി അപേക്ഷിക്കുക. ഫെബ്രുവരി 24 നകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് bic.ncaah@cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക / 9846047433 നമ്പറിൽ ബന്ധപ്പെടുക.

# വിവിധ കോളേജുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യമൊരുക്കി കുസാറ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വിവിധ കോളേജുകളിലെയും സർവ്വകലാശാലകളിലെയും വിദ്യാർത്ഥികൾക്ക് മൂന്ന് മാസം വരെ പെയ്ഡ് ഇന്റേൺഷിപ്പ് സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചു.

ഈയിടെ നടന്ന സിൻഡിക്കേറ്റ് യോഗത്തിലാണ് ഹ്രസ്വകാല അപ്സ്കില്ലിംഗ് ഇന്റേൺഷിപ്പ് പരിശീലന പരിപാടി ആരംഭിക്കാൻ സർവകലാശാലയ്ക്ക് അനുമതി ലഭിച്ചത്. സർവകലാശാലയുടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കിയാണ് തീരുമാനം.

കുസാറ്റിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി ഒരുക്കുന്ന മുഴുവൻസമയ പെയ്ഡ് ഇന്റേൺഷിപ്പ് പ്രോഗ്രാം വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത, ഗവേഷണ അഭിരുചി, സാങ്കേതിക കഴിവ് എന്നിവയ്ക്ക് മാറ്റുകൂട്ടും. ഇന്റേൺഷിപ് കാലയളവിൽ ഒരു വിദ്യാർത്ഥിയ്ക്ക് ഒരു അദ്ധ്യാപകൻ എന്ന രീതിയിലായിരിക്കും മേൽനോട്ടം. കുസാറ്റിലെ അത്യാധുനിക ഉപകരണങ്ങളും ഗവേഷണസൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗികമായ പരിജ്ഞാനവും പ്രശ്നപരിഹാര അവസരങ്ങളും ലഭ്യമാകും. യുവബിരുദധാരികളുടെ തൊഴിൽസാധ്യതകളും ഗവേഷണ അഭിരുചിയും പരിപോഷിപ്പിക്കുന്നതിനു പുറമെ അക്കാദമികവ്യവസായ വിടവ് നികത്തുക, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കുസാറ്റിന്റെ സഹകരണം വർധിപ്പിക്കുക, സർവ്വകലാശാലയുടെ ലാബ് സൗകര്യങ്ങളുടെ സുസ്ഥിര പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക എന്നിവ കൂടി ഇന്റേൺഷിപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.



# കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിന് യുജിസി നാക്ക് അക്രിഡിറ്റേഷനിൽ എ ഡബിൾ പ്ലസ് ഗ്രേഡ്

**കോലഞ്ചേരി:** യുജിസിയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാര പരിശോധന ഏജൻസിയായ നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (നാക്ക്) പരിശോധനയിൽ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിന് A++ (എ ഡബിൾ പ്ലസ്) ഗ്രേഡ് ലഭിച്ചു. അക്കാദമിക് മികവുകൾ, അധ്യാപന രീതി, പശ്ചാത്തല സൗകര്യം, പഠനോപകരണങ്ങളുടെ ലഭ്യത, ക്യാംപസ് സൗഹൃദ ഇടങ്ങൾ, ലൈബ്രറി, കളിസ്ഥലങ്ങൾ എന്നീ മേഖലകളെല്ലാം ഏജൻസി പരിശോധിച്ചു. 15 ബിരുദ പ്രോഗ്രാമുകളും 8 ബിരുദാനന്തര പ്രോഗ്രാമുകളും 5 പിഎച്ച്ഡി പ്രോഗ്രാമുകളും ഉള്ള കോളേജ് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നതായും സമിതി വിലയിരുത്തി. മാനേജ്മെന്റ് പ്രതിനിധികൾ, ഐ.ക്യു.എസി. അംഗങ്ങൾ, അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ, പൂർവവിദ്യാർഥികൾ എന്നിവരുമായും സംഘം ആശയ വിനിമയം നടത്തി. കോളജിന്റെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ, കായിക മേഖലയിലെ മികവ്, മികച്ച ലബോറട്ടറി സൗകര്യം, സൗജന്യ വൈഫൈ സൗകര്യം, വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് ആവശ്യമായ കർമ്മ പരിപാടികൾ മൈത്രേയ അക്ഷരശ്രീ എന്നീ പ്രോഗ്രാമുകൾ എന്നിവ സംഘത്തിന്റെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി.

സന്ദർശനത്തോടനുബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷമായി കോളേജിൽ നടക്കുന്ന പ്രവർത്തനങ്ങളെ ആസ്പദമാക്കി എക്സിബിഷനും വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ കോർത്തിണക്കി കുട്ടികളുടെ കലാവിരുന്നും സംഘടിപ്പിച്ചിരുന്നു.

കോളേജ് ട്രസ്റ്റ് സെക്രട്ടറി ഡോ. വിജു ജേക്കബ്, ട്രസ്റ്റ് ചെയർമാൻ ശ്രീ. ബാബു പോൾ, ട്രഷറർ ഡോ. ശശി ഏളൂർ, പ്രിൻസിപ്പാൾ ഡോ ബിനുജ ജോസഫ്, വൈസ് പ്രിൻസിപ്പാൾ ഡോ. കെ. പി. ജോസ്, ഐ.ക്യു.എസി. കോർഡിനേറ്റർ ജീൻ എ. വർഗീസ്, നാക്ക് കോർഡിനേറ്റർ ഡോ. ജെസ്സി ജെയിംസ് എന്നിവർ പങ്കെടുത്തു. കോളേജിന്റെ വജ്ര ജൂബിലി വർഷത്തിൽ ലഭിച്ച ഈ അംഗീകാരം അഭിമാനാർഹമാണന്ന് ട്രസ്റ്റ് സെക്രട്ടറി ഡോ. വിജു ജേക്കബ് അറിയിച്ചു.



# അമൃതയിൽ ലൂമിനൻസ് മാധ്യമ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** അമൃത സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസിലെ വിഷ്വൽ മീഡിയ ആൻഡ് കമ്യൂണിക്കേഷൻ വിഭാഗമാണ് മൂന്ന് ദിവസം നീണ്ടുനിന്ന പരിപാടി സംഘടിപ്പിച്ചത്. ദൃശ്യമാധ്യമ രംഗത്തെ അടുത്തറിയാൻ അവസരമൊരുക്കിയ സെമിനാറിൽ നൂറിലേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. വാർത്താ മാധ്യമ രംഗം, സിനിമ, സമൂഹ മാധ്യമങ്ങൾ, പോഡ്കാസ്റ്റിംഗ് തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ദർ മൂന്ന് ദിവസം നീണ്ടുനിന്ന ക്യാമ്പിൽ വിദ്യാർത്ഥികളുമായി സംവദിച്ചു. വിഷ്വൽ മീഡിയ ആൻഡ് കമ്യൂണിക്കേഷൻ വിഭാഗം മേധാവി ഡോ. ഡി ഹരികൃഷ്ണൻ ചടങ്ങിൽ സ്വാഗതമാശംസിച്ചു. മൂവി വേൾഡ് മീഡിയ പ്രോഗ്രാം ഹെഡ് രജനീഷ് വി ആർ ത്രിദിന സെമിനാർ ഉദ്ഘാടനം ചെയ്തു. ഫിലിം എഡിറ്റർ ഷമീർ മുഹമ്മദ്, റേഡിയോ ജോക്കി രാഘവ്, ഡിജിറ്റൽ ജേണലിസ്റ്റ് അലീന മാറിയ വർഗീസ്, മാതൃഭൂമി ന്യൂസ് അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ രതീഷ് അനിരുദ്ധൻ, സോഷ്യൽ മീഡിയ ഇൻഫ്ലൂവൻസർ അഡ്വ. ജയ് ശങ്കർ മേനോൻ, ആഡ്സ്ഫ്‌ലോ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ശ്രീദേവി ജയറാം, ഓറിഗോനെക്സ്റ്റ് സൊല്യൂഷൻസ് സ്ഥാപകൻ ശ്രീകാന്ത് കാരിക്കോട്ട് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.
അമൃത വിഷ്വൽ മീഡിയ ആൻഡ് കമ്യൂണിക്കേഷൻ വിഭാഗം അധ്യാപിക അപർണ നമ്പൂതിരി നന്ദി പ്രകാശനം നടത്തി.

# പാട്ട് സാഹിത്യം മലയാളിമനസ്സുകളെ കോർത്തിണക്കി: റഫീക്ക് അഹമ്മദ്



**മൂവാറ്റുപുഴ:** മലയാളി മനസ്സുകളെ കോർത്തിണക്കിയ ചരടാണ് പാട്ട് സാഹിത്യമെന്ന് കവിയും ഗാന രചയിതാവുമായ റഫീക്ക് അഹമ്മദ് പറഞ്ഞു. മുവാറ്റുപുഴ നിർമലാ കോളജിലെ ഇംഗ്ലീഷ് വിഭാഗം 'പാട്ടുകളുടെ സാംസ്കാരിക പഠനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു റഫീക്ക് . മലയാളി മനസ്സിന്റെ ശ്രുതിയും താളവും മനസ്സിലാക്കിയ എഴുത്തുകാർ അവരുടെ മനസ്സുകളെ ചേർത്ത് നിർത്തുന്ന ആശയങ്ങളാണ് ചലച്ചിത്രഗാന രചനയിലൂടെ പുറത്തു കൊണ്ടുവന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു.

രണ്ട് ദിവസങ്ങളിലായി നടന്ന സെമിനാറിൽ ചലച്ചിത്ര നിരൂപകരായ വി ടി മുരളി, ഡോ. സജയ് കെ വി എന്നിവരും, വിദേശ സർവകലാശാലകളിലെ ഗവേഷക സാറാ ഷാജി, ഡൽഹി സർവകലാശാല അധ്യാപിക ഡോ. ശ്വേത ആന്റണി, കൊറിയ സർവകലാശാല പ്രൊഫസർ സുക് ജൂൻ റോഹ് എന്നിവരും സെമിനാറിന്റെ ഭാഗമായി.

വിവിധ കോളേജുകളിൽ നിന്ന് നിരവധി വിദ്യാർഥികളും സെമിനാറിൽ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ്, കോളേജ് ബർസാർ ഫാ പോൾ കളത്തൂർ, ഇംഗ്ലീഷ് വിഭാഗം മേധാവി മനു സി സ്കറിയ, സനീഷ് പി ബി, സെമിനാർ കൺവീനർമാരായ ജാസ്മിൻ ജോസ്, നിപു തോംസൺ എന്നിവർ അന്തർദേശിയ സെമിനാറിന് നേതൃത്വം നൽകി. സെമിനാറിനോട് അനുബന്ധിച്ച് കോളേജിൽ കളമെഴുത്ത് പാട്ടും നടത്തി.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഒറ്റദിനം 8472 കോടി; ബുക്കിങ്ങിൽ റെക്കോർഡ് സൃഷ്ടിച്ച് മഹീന്ദ്ര ഇലക്ട്രിക് എസ്യുവികൾ

**കൊച്ചി:** ബുക്കിങ്ങിന്റെ ആദ്യദിനം തന്നെ പുതിയ റെക്കോഡ് സൃഷ്ടിച്ച് മഹീന്ദ്രയുടെ ഇലക്ട്രിക് ഒറിജിൻ എസ്യുവികളായ എക്സ്ഇവി 9ഇ, ബിഇ 6 മോഡലുകൾ. ബുക്കിങ് ഉദ്ഘാടന ദിനത്തിൽ 8472 കോടി രൂപയുടെ (എക്സ്ഷോറൂം വില) ബുക്കിങ് മൂല്യമാണ് നേടിയത്.

30,179 ബുക്കിങ്ങുകളാണ് ആദ്യദിനം ഇലക്ട്രിക് എസ്യുവികൾക്കായി ലഭിച്ചത്. 2024 വർഷത്തിൽ ഇന്ത്യയിലെ മൊത്തം ഇലക്ട്രിക് പാസഞ്ചർ വാഹന വിൽപന ഏകദേശം ഒരു ലക്ഷം യൂണിറ്റായിരുന്നു.

ഇത് കണക്കിലെടുക്കുമ്പോൾ ഏറ്റവും ശ്രദ്ധേയമായ നേട്ടമാണ് മഹീന്ദ്ര കൈവരിച്ചിരിക്കുന്നത്. ഇന്ത്യയിൽ പ്രീമിയം ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള വർധിച്ചുവരുന്ന ആവശ്യകതയും ഇത് പ്രതിഫലിപ്പിക്കുന്നു. ആകെ ബുക്കിങ്ങിൽ 56 ശതമാനമാണ് എക്സ്ഇവി 9ഇയുടേത്, ബിഇ 6 മോഡലിന്റേത് 44 ശതമാനവും. മെയ്ഡ്ഇൻഇന്ത്യ, ഫോർദിവേൾഡ് എന്ന ആശയത്തിൽ 2024 നവബർ 26ന് വിപണിയിൽ അവതരിപ്പിച്ച ശേഷം ഇരുമോഡലുകളും വലിയ തോതിൽ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. നേരത്തെ നിശ്ചയിച്ചത് പോലെ പായ്ക്ക് ത്രീ ഡെലിവറി 2025 മാർച്ച് പകുതി മുതൽ ആരംഭിക്കും. പായ്ക്ക് ത്രീ സെലക്ട്2025 ജൂൺ, പായ്ക്ക് ടു2025 ജൂലൈ, പായ്ക്ക് വൺ എബോവ് 2025 ഓഗസ്റ്റ്, പായ്ക്ക് വൺ2025 ഓഗസ്റ്റ് എന്നിങ്ങനെയാണ് മറ്റു വേരിയന്റുകളുടെ ഡെലിവറി ഷെഡ്യൂൾ. മഹീന്ദ്രയുടെ അംഗീകൃത ഡീലർഷിപ്പുകളിലും ഔദ്യോഗിക വെബ്സൈറ്റിലും എക്സ്ഇവി 9ഇ, ബിഇ 6 ബുക്ക് ചെയ്യാം.

സുഗമവും സുതാര്യവുമായ ഡെലിവറി അനുഭവം നൽകുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും, അടുത്ത മൂന്ന് ആഴ്ചകൾക്കുള്ളിൽ പതിവ് അപ്ഡേറ്റുകൾ വഴി ഉപഭോക്താക്കൾക്ക് അവരുടെ താൽക്കാലിക ഡെലിവറി സമയക്രമങ്ങൾ ലഭിക്കുമെന്നും മഹീന്ദ്ര അറിയിച്ചു.

# നൈല ഉഷയുടെ പേരിൽ സ്വർണാഭരണ കളക്ഷൻ

**ദുബായ്:** നിഷ്ക മൊമെന്റസ് ജ്വല്ലറി സ്ത്രീകൾക്കായി പ്രമുഖ ചലച്ചിത്ര താരവും ആർജെയുമായ നൈല ഉഷയുടെ പേരിൽ പുതിയ സ്വർണാഭരണ കളക്ഷൻ പുറത്തിറക്കി. പുതിയ തലമുറയിലെ സ്ത്രീകളുടെ കരുത്തിനും, വ്യക്തിത്വത്തിനും ആദരമായിട്ടാണ് നിഷ്ക ഈ കളക്ഷൻ ആവിഷ്കരിച്ചിരിക്കുന്നത്.

സൗന്ദര്യത്തിനൊപ്പം എന്നും സ്ത്രീയുടെ കരുത്തും, നിശ്ചയദാർഢ്യവും, സന്തോഷങ്ങളും ആഘോഷമാക്കുന്ന ഒരു ബ്രാൻഡാണ് നിഷ്കയെന്നും, ഈ മൂല്യങ്ങൾ കൃത്യമായി ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന വ്യക്തിത്വമാണ് നൈല ഉഷയുടെയെന്നും മോറിക്കാപ്പ് ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ നിഷിൻ തസ്ലിം അഭിപ്രായപ്പെട്ടു.

ഒരു സ്ത്രീക്ക് ധരിക്കാൻ കഴിയുന്ന ഏറ്റവും മികച്ച ആഭരണം അവളുടെ ആത്മവിശ്വാസമാണെന്ന് താൻ എപ്പോഴും വിശ്വസിക്കുന്നുവെന്നും, ഈ കളക്ഷനിൽ സ്ത്രീകൾക്ക് തങ്ങളെ സ്വയം കാണാൻ സാധിക്കുന്നതിൽ അതിയായ അഭിമാനവും സന്തോഷവുമുണ്ടെന്നും നൈല ഉഷ പറഞ്ഞു.



പുതിയ കളക്ഷന്റെ ലോഞ്ചിന്റെ ഭാഗമായി സെലിബ്രിറ്റി ഇൻഫ്ളുവൻസേഴ്സ് പങ്കെടുത്ത ഫാഷൻ ഷോ, ഉൾപ്പെടെ നിരവധി ആഘോഷങ്ങളും ഒരുക്കിയിരുന്നു. നിഷ്കയുടെ നൈല കളക്ഷൻ ദുബായ് കരാമ സെന്ററിലെ നിഷ്ക സ്റ്റോറിലും അൽ ബർഷയിലെ ലുലു ഹൈപ്പർമാർക്കറ്റിലും ലഭ്യമാണ്.

# മദീനയിൽ ലുലു എക്സ്പ്രസ് സ്റ്റോർ തുറന്നു

**മദീന:** മക്കയ്ക്ക് പിന്നാലെ മദീനയിലേക്ക് കൂടി സാന്നിദ്ധ്യം വിപുലമാക്കി ലുലു റീട്ടെയ്ൽ. ഹജ്ജ് ഉംറ കർമ്മങ്ങൾ നിർവ്വഹിക്കാനെത്തുന്ന തീർത്ഥാടകർക്ക് കൂടി സൗകര്യപ്രദമായ രീതിയിലാണ് മദീനയിലെ പുതിയ ലുലു എക്സ്പ്രസ് സ്റ്റോർ നിർമ്മിച്ചിരിക്കുന്നത്.ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയുടെ സാന്നിദ്ധ്യത്തിൽ മദീന ചേംബർ ഓഫ് കോമേഴ്സ് ചെയർമാൻ മാസെൻ ബിൻ ഇബ്രാഹിം റജബ് ഉദ്ഘാടനം നിർവ്വഹിച്ചു. മദീനയിൽ തീർത്ഥാടകർക്കും പ്രദേശവാസികൾക്കുമായി ലുലു ആരംഭിക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് എം.എ യൂസഫലി പറഞ്ഞു. സൗദി അറേബ്യയുടെ പ്രാദേശിക വികസനത്തിനൊപ്പം മികച്ച തൊഴിലവസരങ്ങളാണ് ഇതിനൊടൊപ്പം യാഥാർത്ഥ്യമായതെന്നും യൂസഫലി പറഞ്ഞു. മക്കയിലും മദീനയിലും സേവനം വിപുലീകരിക്കാനായതിൽ അഭിമാനമുണ്ടെന്നും സൗദി ഭരണകൂടം നൽകുന്ന പിന്തുണയ്ക്ക് നന്ദി പറയുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.



മദീനയിൽ ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടെ മൂന്ന് സ്റ്റോറുകൾ കൂടി ഉടൻ ആരംഭിക്കും. ഇതുൾപ്പെടെ സൗദി അറേബ്യയിൽ വിവിധ പദ്ധതികൾ ഉടൻ യാഥാർത്ഥ്യമാകുമെന്നും യൂസഫലി കൂട്ടിച്ചേർത്തു. അൽ മനാഖ അർബൻ പ്രോജക്ട് ഡെവലപ്മെന്റ് കമ്പനിയുമായി സഹകരിച്ചാണ് 23,000 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള മദീനയിലെ ലുലു സ്റ്റോർ നിർമിച്ചത്. ദൈനംദിന ഉത്പന്നങ്ങൾ, ഫ്രഷ് ഫുഡ് വിഭാഗം, മൊബൈൽ ഡിജിറ്റൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ എന്നിവയുടെ ശേഖരം ലുലുവിൽഒരുക്കിയിട്ടുണ്ട്.ലുലു സ്റ്റോർ പുലർച്ചെ ആറ് മണി മുതൽ അർധരാത്രി 12 വരെ പ്രവർത്തിക്കും. മക്കയിലെ ജബൽ ഒമറിൽ മസ്ജിദ് അൽ ഹറാമിന് സമീപവും ലുലു പ്രവർത്തിക്കുന്നുണ്ട്. ലുലു സൗദി ഡയറക്ടർ ഷെഹീം മുഹമ്മദ്, ബിസിനസ് ഡവലപ്പ്മെന്റ് ഡയറക്ടർ റഫീഖ് യാരത്തിങ്കൽ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.



# ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ പുതിയ എൻഎക്സ്200 പുറത്തിറക്കി

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഏറ്റവും പുതിയ എൻഎക്സ്200 പുറത്തിറക്കി. പുതിയ ഹോണ്ട എൻഎക്സ്200ന്റെ വില 1,68,499 രൂപയാണ് (എക്സ്ഷോറൂം, ഡൽഹി). ഇന്ത്യയിലുടനീളമുള്ള എല്ലാ എച്ച്എംഎസ്ഐ റെഡ് വിംഗ്, ബിഗ് വിംഗ് ഡീലർഷിപ്പുകളിലും വാഹനം ലഭ്യമാണ്.

പരുക്കനും ആധുനികവുമായ സ്റ്റൈലിംഗിൽ, എൻഎക്സ്200 അതിന്റെ മസ്കുലർ ഫ്യുവൽ ടാങ്ക്, സ്ട്രൈക്കിംഗ് ഗ്രാഫിക്സ്, കമാൻഡിംഗ് സ്റ്റാൻസ് ഓൾഎൽഇഡി ഹെഡ്ലാമ്പ്, ആകർഷകമായ എൽഇഡി വിങ്കറുകൾ, എക്സ് ആകൃതിയിലുള്ള എൽഇഡി ടെയിൽ ലാമ്പ് ഇതിലുണ്ട്.

പുതിയ ഒബിഡി2ബികംപ്ലയന്റ് 184.4 സിസി, സിംഗിൾ സിലിണ്ടർ, 4സ്ട്രോക്ക് എഞ്ചിൻ 8500 ആർപിഎമ്മിൽ 12.5 കിലോവാട്ട് പവറും 6000 ആർപിഎമ്മിൽ 15.7 എൻഎം പീക്ക് ടോർക്കും നൽകുന്നു.

പുതിയ ഹോണ്ട എൻഎക്സ്200ന്റെ വില 1,68,499 രൂപയാണ് (എക്സ്ഷോറൂം ഡൽഹി). അത്ലറ്റിക് ബ്ലൂ മെറ്റാലിക്, റേഡിയന്റ് റെഡ് മെറ്റാലിക്, പേൾ ഇഗ്നിയസ് ബ്ലാക്ക് എന്നീ മൂന്ന് കളർ ഷേഡുകളുള്ള ഒരൊറ്റ വേരിയന്റിൽ വാഹനം ലഭിക്കും. ഇന്ത്യയിലുടനീളമുള്ള എല്ലാ എച്ച്എംഎസ്ഐ റെഡ് വിംഗ്, ബിഗ്വിംഗ് ഡീലർഷിപ്പുകളിലും എൻഎകസ്200 ഇപ്പോൾ ലഭ്യമാണ്.

# കേരള എ ഐ സമ്മിറ്റ് സംഘടിപ്പിച്ചു

**കൊച്ചി:** മൈക്രോമാക്സും ഫൈസൺ ഇലക്ട്രോണിക്സും ചേർന്ന് രൂപം നൽകിയ ഇന്ത്യൻ സെമി കണ്ടക്ടർ കമ്പനിയായ മൈഫൈ സെമികണ്ടക്റ്റേഴ്സിന്റെ നേതൃത്വത്തിൽ കേരള എ ഐ സമ്മിറ്റ് സംഘടിപ്പിച്ചു. കേരളത്തിലെ 75 ലേറെ കോളേജുകളും നിർമിതബുദ്ധി സ്റ്റാർട്ട് അപ്പ് കമ്പനികളും പങ്കെടുത്തു. എൻ വിജ്, സെയിംകാർട്ട് എ ഐ, മൊണ്ടാഷ് ടെക്നോളജീസ് എന്നിവരുടെ സഹകരണത്തോടെയാണ് ലൈവ് എ ഐ സമ്മിറ്റ് സംഘടിപ്പിച്ചത്. മൈഫൈ സെമികണ്ടക്റ്റേഴ്സ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ പ്രസാദ് ബാലകൃഷ്ണൻ നേതൃത്വം നൽകി. നിർമിത ബുദ്ധി ലൈവ് ആപ്ലിക്കേഷനുകളും ലൈവ് ഡെമോകളും നടത്തി.

അതിവേഗം വളരുന്ന സാങ്കേതികവിദ്യയെ നിർമിത ബുദ്ധിയെ കുറിച്ച് കൂടുതൽ അറിവ് പകരാനും സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്ന് എ ഐ സാധ്യമാക്കുന്നതിനുള്ള മാർഗങ്ങള് തേടിയുമാണ് എ ഐ സമ്മിറ്റ് സംഘടിപ്പിച്ചത്. നിർമിതബുദ്ധി പ്രായോഗികമായി പ്രയോജനപ്പെടുത്തുന്നതിനായുള്ള ക്ളാസുകളും നടന്നു.

കേരളത്തിലെയും തമിഴ്നാട്ടിലെയും എഞ്ചിനീയറിംഗ് കോളേജുകൾ, സ്റ്റാർട്ട് അപ്പുകൾ, ചെറുകിട ഇടത്തരം സംരംഭകർ തുടങ്ങിയവർ പങ്കെടുത്തു.

# ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ബന്ധൻ മ്യൂച്ചൽ ഫണ്ട് ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി. പുതിയ ഫണ്ട് ഓഫർ ഈ മാസം 25ന് അവസാനിക്കും.

നിഫ്റ്റി നെക്സ്റ്റ് 50 സൂചിക നിക്ഷേപകർക്ക് അവരുടെ ഉയർന്ന വളർച്ചാ ഘട്ടത്തിലുള്ള സുസ്ഥാപിതമായ കമ്പനികളിലേക്ക് പ്രവേശനം നൽകുന്നു. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ, ഈ സൂചികയിൽ നിന്നുള്ള 24 കമ്പനികൾ നിഫ്റ്റി 50 ലേക്ക് മാറി, ഭാവിയിലെ സാധ്യതയുള്ള മാർക്കറ്റ് ലീഡർമാർക്കുള്ള ഒരു ലോഞ്ച്പാഡായി ഇതിനെ ശക്തിപ്പെടുത്തിയെന്ന് ബന്ധൻ എഎംസിയുടെ സിഇഒ വിശാൽ കപൂർ പറഞ്ഞു.

ബന്ധൻ നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സ് ഫണ്ടിലെ നിക്ഷേപം ലൈസൻസുള്ള മ്യൂച്വൽ ഫണ്ട് വിതരണക്കാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെയും നേരിട്ട് https://bandhanmutual.com/nfo/bandhan-nitfy-next-50-index-fund/വഴിയും സബ്സ്ക്രൈബ് ചെയ്യാം.




## തണ്ട് രഖ് ക്യാമ്പയിനുമായി സ്പ്രൈറ്റ്

**കൊച്ചി:** തണ്ട് രഖ് ക്യാമ്പയിൻ പുതുതായി വീണ്ടും അവതരിപ്പിച്ച് സ്പ്രൈറ്റ്. പുതിയ പരസ്യ ചിത്രീകരണത്തിൽ ശർവാരിയും വരുൺ തേജുമാണ് അരങ്ങേറ്റം കുറിയ്ക്കുന്നത്. ഇവരോടൊപ്പം വേദാങ്ങ് റെയ്നയും ദേവ് അധികാരിയും വേനൽക്കാലത്തെ തണുപ്പിക്കാനുള്ള പുതിയ ചിത്രീകരണത്തിലേക്ക് തിരികെയെത്തുന്നു.

തണ്ട് രഖ് ക്യാമ്പയിനിലൂടെ സ്പ്രൈറ്റിന്റെ രസകരവും ഉന്മേഷദായകവുമായ സ്പ്രൈറ്റ് വ്യക്തിത്വം തിരികെയെത്തിക്കാൻ ആഗ്രഹിക്കുന്നെന്ന് ഒഗിൽവി ചീഫ് ക്രിയേറ്റീവ് ഓഫീസർ സുകേഷ് നായക് പറഞ്ഞു. ആളുകൾക്ക് അവരുടെ ശാന്തത എങ്ങനെ നിലനിർത്താമെന്നും ജീവിതത്തിന്റെ സ്പ്രൈറ്റ് വശം ആസ്വദിക്കാമെന്നും കാണിച്ചുകൊടുക്കാൻ വേണ്ടിയാണ് വേനൽക്കാലത്തെ നിമിഷങ്ങൾ തെരഞ്ഞെടുത്തതെന്നും അദ്ദേഹം പറഞ്ഞു.

## എസ്ഐബി ക്വിക്ക് എഫ്ഡി സേവനം അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** ഉപഭോക്താക്കളല്ലാത്തവർക്കും യുപിഐ സംവിധാനത്തിലൂടെ സ്ഥിരനിക്ഷേപം തുടങ്ങാൻ സൗകര്യമൊരുക്കി സൗത്ത് ഇന്ത്യൻ ബാങ്ക്. 'എസ്ഐബി ക്വിക്ക് എഫ്ഡി'യിലൂടെ ഓൺലൈൻ ആയി ആർക്കും സൗത്ത് ഇന്ത്യൻ ബാങ്കിൽ സ്ഥിരനിക്ഷേപം നടത്താം. പ്രശ്നരഹിതവും ലളിതവുമായ ഡിജിറ്റൽ ബാങ്കിങ് പരിഹാരങ്ങൾ ഏവർക്കും ലഭ്യമാക്കുകയെന്ന ബാങ്ക് നയത്തിന്റെ ഭാഗമായാണ് സേവനം തുടങ്ങുന്നതെന്ന് ബാങ്ക് അധികൃതർ അറിയിച്ചു.




## വെൽവെറ്റിനെ ഏറ്റെടുത്ത് റിലയൻസ്

**ചെന്നൈ/ കൊച്ചി:** ഐക്കണിക്ക് എഫ്എംസിജി ബ്രാൻഡായ വെൽവെറ്റിനെ ഏറ്റെടുക്കുന്നതായി റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡ് പ്രഖ്യാപിച്ചു. ആധുനിക ഉപഭോക്താക്കൾക്കായി ഇന്ത്യയുടെ ഹെറിറ്റേജ് ബ്രാൻഡുകൾ പുതിയ രീതിയിൽ അവതരിപ്പിക്കുകയെന്ന ദൗത്യത്തിന്റെ അടിസ്ഥാനത്തിലാണ് വെൽവെറ്റിനെ ഏറ്റെടുത്തിരിക്കുന്നതെന്ന് റിലയൻസ് അധികൃതർ അറിയിച്ചു.

റിലയൻസ് കൺസ്യൂമർ പ്രൊഡക്റ്റിസിന്റെ നിലവിലെ പോർട്ട്ഫോളിയോ കൂടുതൽ ശക്തിപ്പെടുത്താനും ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ ഉൽപ്പന്നങ്ങളിലെ വൈവിധ്യം ഉറപ്പാക്കാനും ശ്രമിക്കുന്നതിന്റെ ഭാഗമായാണ് പുതിയ ഏറ്റെടുക്കൽ. ഇതിന്റെ ഭാഗമായി താങ്ങാവുന്ന വിലയിൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കും.

ഇന്ത്യയുടെ സാഷെ കിംഗ് എന്നറിയപ്പെടുന്ന സികെ രാജ്കുമാറാണ് വെൽവെറ്റിന്റെ സ്ഥാപകൻ. ആഡംബര ഉപഭോക്താക്കൾ അനുഭവിക്കുന്ന ഉൽപ്പന്നങ്ങൾ സാധാരണക്കാർക്കും ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തിലാണ് അദ്ദേഹം ചെറിയ പാക്കറ്റുകളിലാക്കി പെഴ്സണൽ കെയർ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചത്. വലിയ വിപ്ലവമാണ് അത് രാജ്യത്തുണ്ടാക്കിയത്.




# ആഗോള ഉപഭോക്താക്കൾക്കായി ആഗോള തലത്തിൽ ചിന്തിക്കണം

**കൊച്ചി:**ഉപഭോക്താക്കൾ ആഗോള തലത്തിലാണെങ്കിൽ നമ്മുടെ ചിന്തയും ആഗോള തലത്തിലായിരിക്കണമെന്ന് ബി എസ് ഇ ലിമിറ്റഡ് എം ഡിയും സി ഇ ഒയുമായ സുന്ദരരാമൻ രാമമൂർത്തി പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ സ്പെഷ്യൽ ലീഡർഷിപ്പ് ഇൻസൈറ്റ് പ്രോഗ്രാമിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രാദേശികമായല്ല ആഗോള തലത്തിലാണ് ഇപ്പോൾ കമ്പോളം പ്രവർത്തിക്കുന്നത്.

പല കാര്യങ്ങൾക്കായി വരി നിന്നിരുന്ന ഒരു കാലം നമുക്ക് കഴിഞ്ഞു പോയിട്ടുണ്ട്. വളരെ കുറച്ചു പേർ മാത്രം സ്റ്റോക്ക് മാർക്കറ്റിൽ ഇടപെട്ടിരുന്ന കാലവും ഉണ്ടായിരുന്നു. എന്നാൽ കോവിഡിന് ശേഷം നിക്ഷേപകരുടെ എണ്ണം നാലിരട്ടിയിലേറെയാണ് വർധിച്ചത്. മൊബൈൽ ഫോണുകൾ സ്മാർട്ട് ഗ്ലാസുകൾക്ക് വഴി മാറുന്ന കാലത്താണ് നമ്മൾ ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ വളർച്ചയിൽ മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ച് വലിയ സംഭാവനകൾ നൽകുന്ന കാലമാണ് വരാനിരിക്കുന്നത്. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സ്റ്റോക്ക് എക്സ്ചേഞ്ച് ആയിരിക്കും ബി എസ് ഇ. ഒരു വിദേശ പങ്കാളികൾ പോലും ഇല്ലാതിരുന്ന സ്ഥാനത്ത് ഇപ്പോൾ 250 ആയി വർധിച്ചു.

യുവാക്കളെയും വനിതകളേയും എസ് എം എകളേയും ലക്ഷ്യമിട്ടുള്ള പദ്ധതികളുമായി കമ്പോളം വിപുലീകരിക്കുകയാണ്. ആരുടെയെങ്കിലും വാക്കുകൾ കേട്ട് സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ നിക്ഷേപിക്കാൻ ശ്രമിക്കരുതെന്നും സ്വയം പഠിച്ച് നിക്ഷേപങ്ങൾ നടത്തണമെന്നും സുന്ദരരാമൻ രാമമൂർത്തി പറഞ്ഞു.

സ്ഥാപനങ്ങളുടെ ഓരോ വളർച്ചയ്ക്ക് പിന്നിലും വിജ്ഞാനം, ജീവനക്കാരുടെ താത്പര്യം, സാങ്കേതിക വിദ്യ എന്നിവയ്ക്കെല്ലാം വലിയ പ്രാധാന്യമുണ്ട്. അവയെ മുഴുവൻ അടിസ്ഥാന സൗകര്യങ്ങളായി വിലയിരുത്തണമെന്നും സുന്ദരരാമൻ രാമമൂർത്തി പറഞ്ഞു.കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി ചെയർമാനുമായ അൽജിയേഴ്സ് ഖാലിദ്, എ സി കെ നായർ സംസാരിച്ചു.

# ആസ്റ്റർ മെഡ്സിറ്റി ആശുപത്രി വിപുലീകരിച്ചു; 100 കിടക്കകൾ കൂടി ഉൾപ്പെടുത്തി

**കൊച്ചി:** നൂറു കിടക്കകൾ കൂടി ഉൾപ്പെടുത്തി ആസ്റ്റർ മെഡിസിറ്റി ആശുപത്രി വിപുലീകരിച്ചു. പുതുതായി പണികഴിപ്പിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു.




കേരളം ഒരു ലോകോത്തര മെഡിക്കൽ ടൂറിസം കേന്ദ്രമായി അതിവേഗം വളരുകയാണ്. പൊതുസ്വകാര്യ മേഖലകളുടെ പരസ്പര സഹകരമാണ് അതിന്റെ പ്രധാന ശക്തി. നമ്മുടെ സംസ്ഥാനം കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ നേട്ടത്തിൽ ആസ്റ്റർ മെഡ്സിറ്റി നൽകുന്ന ആധുനിക ചികിത്സാ സൗകര്യങ്ങളും ഒരു പ്രധാന ഘടകമാണെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു.ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ, ഡയറക്ടർ അനൂപ് മൂപ്പൻ, നസീറ മൂപ്പൻ, എക്സിക്യൂട്ടീവ് ഡയറക്ടറും കോർപ്പറേറ്റ് ഗവേർണൻസിന്റെ ഗ്രൂപ്പ് ഹെഡുമായ ടി. ജെ വിൽസൺ, ആസ്റ്റർ ഇന്ത്യ സിഇഒ രമേഷ് കുമാർ, ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ് എന്നിവർ സന്നിഹിതരായിരുന്നു.

മധ്യകേരളത്തിൽ ഉന്നതനിലവാരമുള്ള നൂതന ചികിത്സാരീതികൾക്ക് തേടിയെത്തുന്ന വിദേശികളുടെയും സ്വദേശികളുടെയും എണ്ണത്തിലുണ്ടായ വർധന കണക്കിലെടുത്താണ് കൂടുതൽ സൗകര്യങ്ങളുമായി ആശുപത്രി വികസിപ്പിച്ചതെന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഒരു ലക്ഷം സ്ക്വയർ ഫീറ്റ് വലിപ്പമുള്ള വിശാലമായ പുതിയ നാലാമത്തെ ടവറിൽ, 100 രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമുണ്ട്. നാലാം തലത്തിലുള്ള (ക്വാട്ടേർണറി) ഉന്നതചികിത്സയ്ക്ക് ആഗോളതലത്തിൽ ജെ.സി.ഐ അംഗീകാരം ലഭിച്ച കേരളത്തിലെ ആദ്യത്തെ ആശുപത്രിയാണ് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയെന്ന് അദ്ദേഹം പറഞ്ഞു.

ആസ്റ്റർ ഇൻസ്റ്റിട്യൂട്ട് ഓഫ് കാർഡിയാക് സയൻസസ്, ആസ്റ്റർ ഏസ്തെറ്റിക്സ്, പ്ലാസ്റ്റിക് & റീകൺസ്ട്രക്ടീവ് സർജറി ,ഡെർമറ്റോളജി എന്നീ പ്രധാന വിഭാഗങ്ങൾ ഇനിമുതൽ പുതിയ കെട്ടിടത്തിലായിരിക്കും പ്രവർത്തിക്കുക. വൈദ്യശാസ്ത്ര രംഗത്ത് മികവിന്റെയും ആധുനികതയുടെയും സാമൂഹികസേവനത്തിന്റെയും പത്താം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലാണ് ആസ്റ്റർ മെഡ്സിറ്റിയിൽ പുതിയ കെട്ടിടം പ്രവർത്തനം തുടങ്ങുന്നത് എന്ന പ്രത്യേകതയുമുണ്ട്. പത്താം വാർഷികത്തോട് അനുബന്ധിച്ചുള്ള 'ടേക്ക് ചാർജ്' എന്ന പേരിൽ പുതിയ ക്യാമ്പയിന് എം പി ഹൈബി ഈഡൻ തുടക്കം കുറിച്ചു.

നവീകരിച്ച ആസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയാക് സയൻസിന്റെ ഉദ്ഘാടനം ഡോ. ആസാദ് മൂപ്പൻ നിർവഹിച്ചു. 360ഡിഗ്രി ഹാർട്ട് കെയർ വിഭാഗം ടി.ജെ. വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. അറ്റുപോയ കൈപ്പത്തി ആസ്റ്റർ മെഡ്സിറ്റിയിലെ ചികിത്സയിലൂടെ വിജയകരമായി തുന്നിചേർത്ത എം. ജി മനോജാണ് ഏസ്തറ്റിക്സ് വിഭാഗം ഉദ്ഘാടനം ചെയ്തത്.

എംഎൽഎ റോജി എം. ജോൺ, ചേരാനല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാജേഷ് കെജി, പന്ത്രണ്ടാം വാർഡിലെ മെമ്പർ ടി.ആർ ഭരതൻ തുടങ്ങിയ നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.



# ആഗോള നിക്ഷേപ ഉച്ചകോടി: നിക്ഷേപവാഗ്ദാനങ്ങളുടെ പൂർത്തീകരണം ഉറപ്പുവരുത്തും മന്ത്രി പി രാജീവ്

**കൊച്ചി:** ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലെ നിക്ഷേപ വാഗ്ദാനങ്ങളുടെ പൂർത്തീകരണം പരമാവധി ഉറപ്പുവരുത്താനാണ് ശ്രമമെന്ന് വ്യവസായമന്ത്രി പി രാജീവ് പറഞ്ഞു. ആഗോള നിക്ഷേപ ഉച്ചകോടിയ്ക്ക് മുന്നോടിയായി കെഎസ്ഐഡിസി കൊച്ചിയിൽ നടത്തിയ മാധ്യമ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ പൊതുമണ്ഡലത്തിൽ നൽകും.

രാജ്യത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ കേന്ദ്രമായി കേരളം മാറുമെന്നും മന്ത്രി പി രാജീവ് പറഞ്ഞു. വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്ക് ആവശ്യമായ തൊഴിൽവൈദഗ്ധ്യവും നൈപുണ്യശേഷിയുമുള്ള മികച്ച മനുഷ്യവിഭവശേഷിയാണ് കേരളത്തിലുള്ളത്. ആഗോള ഐടി കമ്പനികളുടെ സോഫ്റ്റ് വെയർ ഡെവലപ്പിംഗ് കേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുകായാണെന്ന് പി രാജീവ് ചൂണ്ടിക്കാട്ടി. ഓട്ടോമൊബൈൽ സോഫ്റ്റ്വെയർ സാങ്കേതികവിദ്യയിൽ തിരുവനന്തപുരത്ത് ആഗോള കേന്ദ്രം വരാൻ പോവുകയാണ്. നിസാൻ, ബിഎംഡബ്ല്യു തുടങ്ങിയ കമ്പനികൾ അവിടെ ചുവടുറപ്പിക്കും.

ജെനറേറ്റീവ് എഐയിൽ ഐബിഎമ്മിൻറെ സുപ്രധാന ആഗോള മികവിൻറെ കേന്ദ്രം പ്രവർത്തിക്കുന്നത് കൊച്ചി ഇൻഫോപാർക്കിലാണ്. കാമ്പസുകളിൽ നിന്ന് തന്നെ പ്രതിഭകളെ കണ്ടെത്തുന്നതിനും വിദ്യാർത്ഥികൾക്ക് നൈപുണ്യതൊഴിൽ പരിശീലനവും ലഭിക്കുന്നതിനുമായി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുകയാണ്. തുടക്കത്തിൽ പത്തെണ്ണം പ്രഖ്യാപനത്തിനൊരുങ്ങിക്കഴിഞ്ഞു. ഇതിനു പുറമെ 31 സ്വകാര്യ വ്യവസായപാർക്കുകൾക്കും അനുമതി നൽകിയെന്നും മന്ത്രി വ്യക്തമാക്കി.മെഡിക്കൽ ഉപകരണങ്ങളുടെയും അനുബന്ധ വ്യവസായങ്ങളുടെയും പ്രധാന കേന്ദ്രമായി കേരളം ഇതിനകം തന്നെ മാറിക്കഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ മെഡിക്കൽ ഉപകരണങ്ങളുടെ ആകെ വിറ്റുവരവിൻറെ 24 ശതമാനം കേരളത്തിൽ നിന്നാണ്. രക്തബാഗിൻറെ ഉത്പാദനത്തിൽ ലോകത്തിലെ തന്നെ 12 ശതമാനത്തിലധികം ഉത്പോദിപ്പിക്കുന്നത് കേരളത്തിൽ നിന്നുള്ള കമ്പനിയാണ്. ആഗോള സുഗന്ധവ്യഞ്ജന മൂല്യവർധിത ഉത്പാദകരിൽ ലോകത്തിലെ ആദ്യ നാല് കമ്പനികളും കേരളത്തിലാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 22,104.42 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടായി. ഇത് സംസ്ഥാനത്തിൻറെ ആഭ്യന്തര നിക്ഷേപശേഷിയിൽ നിന്നും സ്വരുക്കൂട്ടിയതാണെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഭാവിയിലും ഈ മാതൃക ഉപയോഗപ്പെടുത്താമോ എന്ന് സർക്കാർ ചിന്തിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഇൻവസ്റ്റ് കേരളയെക്കുറിച്ച് അവതരണം നടത്തി. കെഎസ്ഐഡിസി ചെയർമാൻ സി ബാലഗോപാൽ, എംഡി എസ് ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ, ഇൻവസ്റ്റ് കേരള ഉച്ചകോടിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി പി വിഷ്ണുരാജ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

# ആർഎഫ്ഡിഎൽ: ദേശീയ ഗ്രൂപ്പ് സ്റ്റേജിലേക്ക് യോഗ്യത നേടി കേരളത്തിൽ നിന്ന് മൂന്നു ടീമുകൾ

**കൊച്ചി:** റിലയൻസ് ഫൗണ്ടേഷൻ ഡെവലപ്മെന്റ് ലീഗ് (ആർഎഫ്ഡിഎൽ) സോണൽ ഗ്രൂപ്പ് സ്റ്റേജിന്റെ സമാപന മൽസരത്തിൽ മുത്തൂറ്റ് എഫ്എ, കിക്ക്സ്റ്റാർട്ട് എഫ്സി, ശ്രീനിധി ഡെക്കാൻ എഫ്സി ടീമുകൾ ദേശീയ ഗ്രൂപ്പ് സ്റ്റേജിലേക്ക് യോഗ്യത നേടി. മത്സരത്തിന്റെ അടുത്ത ഘട്ടത്തിൽ മൂന്ന് ടീമുകളും ഡെംപോ എഫ്സി, എഫ്സി ഗോവ, മുംബൈ സിറ്റി എഫ്സി എന്നിവയ്ക്കൊപ്പം മാറ്റുരയ്ക്കും.ടൂർണമെന്റിന്റെ അവസാന ദിനത്തിൽ, മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ലീഗ് നേതാക്കളായ മുത്തൂറ്റ് എഫ്എയും രണ്ടാം സ്ഥാനക്കാരായ ശ്രീനിധി ഡെക്കാൻ എഫ്സിയും ഒരോ ഗോൾ വീതം നേടി സമനിലയിൽ പിരിഞ്ഞു. മുത്തൂറ്റ് എഫ്എയ്ക്കുവേണ്ടി മുഹമ്മദ് സിയാസും ശ്രീനിധി ഡെക്കാൻ എഫ്സിയുടെ ലാംഗുൻലാൽ കിപ്ജെനും ഗോളുകൾ നേടി.തുടർച്ചയായ മൂന്നാം വർഷവും ആർഎഫ്ഡിഎൽ ദേശീയ റൗണ്ടിലേക്ക് യോഗ്യത നേടാൻ തങ്ങൾക്ക് സാധിച്ചുവെന്ന് മുത്തൂറ്റ് എഫ്എയുടെ മുഖ്യ പരിശീലകൻ കെ അനീസ് പറഞ്ഞു. അക്കാദമി ശക്തമായ അടിത്തറ കെട്ടിപ്പടുക്കുകയും ഹൈ പ്രഷർ ഗെയിമുകളിൽ മികച്ച അനുഭവപരിചയം നേടി എന്നതിന്റെയും പ്രതിഫലനമാണിത്. ദേശീയ റൗണ്ട് രാജ്യത്തുടനീളമുള്ള മികച്ച ടീമുകളെ ഒരുമിച്ച് കൊണ്ടുവരുന്നു. മുത്തൂറ്റ് എഫ്എ കൂടുതൽ വൈവിധ്യമാർന്ന കളിരീതികളും ഉയർന്ന തലത്തിലുള്ള നൈപുണ്യവും ശാരീരികക്ഷമതയും പ്രകടമാക്കും. നിലവിലെ പ്രകടനം നിലനിർത്തുകയും ഞങ്ങളുടെ തന്ത്രങ്ങൾ നന്നായി നടപ്പിലാക്കുകയും ചെയ്താൽ, നാഷണൽ ഗ്രൂപ്പ് സ്റ്റേജിൽ മികച്ച സ്ഥാനം നേടിയെടുക്കാൻ സാധിക്കുമെന്നതിൽ സംശയമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആവേശകരമായ മറ്റൊരു മൽസരത്തിൽ, കിക്ക്സ്റ്റാർട്ട് എഫ്സി കർണാടകയും കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയും ഒരോ ഗോൾ വീതം നേടി സമനിലയിൽ പിരിഞ്ഞു. ഒരു പോയിന്റിന്റെ ബലത്തിൽ കിക്ക്സ്റ്റാർട്ട് എഫ്സി അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു.മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ 25ാം മിനിറ്റിൽ ദേവോ അതോക്പം ബ്ലാസ്റ്റേഴ്സിന് ലീഡ് നൽകിയിരുന്നു. 87ാം മിനിറ്റിൽ കിക്ക്സ്റ്റാർട്ട് എഫ്സി പ്രെമിഷ് ടി സമനില ഗോൾ നേടി. ഗോകുലം കേരള എഫ്സിയും റൂട്ട്സ് എഫ്സിയും തമ്മിലുള്ള മൂന്നാം മത്സരം ഗോൾ രഹിത സമനിലയിൽ അവസാനിച്ചു. ആർഡിഎഫ്എൽ നാഷണൽ ഗ്രൂപ്പ് സ്റ്റേജിലേക്ക് നിലവിൽ ആറ് ടീമുകൾ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു.

# പ്രഗതി മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചു



**കൊച്ചി:** പ്രഗതി സിഎം എ സ്റ്റുഡന്റ്സ് മാനേജ്മെന്റ് ഫെസ്റ്റ് കൊച്ചിയിൽ സംഘടിപ്പിച്ചു. കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സന്തോഷ് ജെ പൂവാട്ടിൽ ഉദ്ഘാടനം ചെയ്തു. ബഹിരാകാശ ടൂറിസത്തെ കുറിച്ച് വരെ സംസാരിക്കുന്ന കാലഘട്ടമാണിതെന്ന് വിദ്യാർഥികൾ തിരിച്ചറിയണമെന്ന് സന്തോഷ് ജെ പൂവാട്ടിൽ പറഞ്ഞു. മാറുന്ന ലോകവും സാങ്കേതികവിദ്യയും തൊഴിൽ സാധ്യതകളും തിരിച്ചറിഞ്ഞാൽ മാത്രമേ വിദ്യാർഥികൾക്ക് ഭാവിയുണ്ടാകൂ. പ്രതിസന്ധി ഘട്ടങ്ങൾ എങ്ങനെ തരണം ചെയ്യണമെന്ന് പുതുതലമുറ അറിഞ്ഞിരിക്കണം. നിർമിത ബുദ്ധിയായിരിക്കും ഇനി ലോകത്തെ നയിക്കുക. മത്സരബുദ്ധിയോടെ പ്രയത്നിച്ചാൽ മാത്രമേ ജീവിത വിജയം കൈവരിക്കാൻ കഴിയൂ എന്നും അദ്ദേഹം പറഞ്ഞു.ജെയിൻ സർവകലാശാല ഡപ്യൂട്ടി ഡയറക്ടർ ഡോ. സി എം എ കെ ശ്രീകുമാർ മുഖ്യാതിഥിയായിരുന്നു. ഭാരത മാതാ കോളേജ് പ്രിൻസിപ്പാൾ ഡോ. ലിസി കാച്ചപ്പിള്ളി അധ്യക്ഷത വഹിച്ചു. സ്റ്റുഡന്റ്സ് കമ്മിറ്റി ചെയർപേഴ്സൺ ദിൽന പി ദിനേശ്, ഐസിഎംഎഐ കൊച്ചിൻ ചാപ്റ്റർ ചെയർപേഴ്സൺ മീന ജോർജ്, സ്കൂൾ ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് എച്ച് ഒ ഡി ഡോ. പൊന്നി ജോസഫ് എന്നിവർ പങ്കെടുത്തു.

ബംഗളൂരു ചാപ്റ്ററാണ് ഓവറോൾ ചാമ്പ്യൻ. ഫ്രീസ്റ്റൈൽ ഡാൻസിൽ ബംഗളൂരു ചാപ്റ്റർ, ബിഡ്കാസ്റ്റ് രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസസ്, കാക്കനാട്, വാല്യു എക്സ്പഡിഷൻ രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസസ്, കാക്കനാട്, മികച്ച മാനേജ്മെന്റ് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി, ക്ലിക്ക് ആൻഡ് കോൺക്വർ പ്രണവ് എം.ആർ, കൊച്ചിൻ കോളേജ്, വാക്ക് ദിസ് വേ അനുഗ്ന, ബംഗളൂരു ചാപ്റ്റർ, ജസ്റ്റാ മിനിറ്റ് മീനാക്ഷി റാവു, സെന്റ് പോൾസ്, കളമശ്ശേരി, ബിസിനസ് ക്വിസ് കുസാറ്റ് കളമശ്ശേരി എന്നിവർ ജേതാക്കളായി.

ഐസിഎംഎഐ കൊച്ചിൻ ചാപ്റ്റർ സ്റ്റുഡന്റ്സ് കമ്മിറ്റി ഭാരത മാതാ കോളേജ് സ്കൂൾ ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസുമായി സഹകരിച്ചാണ് പ്രഗതി മാനേജ്മെന്റ് ഫെസ്റ്റ് സംഘടിപ്പിച്ചത്.

